TRUTH SHALL MAKE YOU FREE

# മലങ്കരസഭ

## മാസിക



മലങ്കര സഭാഭാസുരൻ

വട്ടശ്‌ശേരിൽ

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

55–ാം ഓർമ്മപ്പെരുന്നാൾ

ഫെബ്രുവരി 23

1987
ഫെബ്രുവരി
ലക്കം 2
പുസ്‌തകം 42






നവംബർ 29-ാം തീയതി കൂദാശ ചെയ്യപ്പെട്ട അമേരിക്കയിലെ ഹ്യൂസ്റ്റൺ സെൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി. വികാരി ഫാ. പി. പി. സഖറിയായേയും കാണാം.



ന്യൂയോർക്കിലെ അർമ്മീനിയൻ സഭയുടെ ആർച്ച്ബിഷോപ്പ് ടോർക്കോൺ മനൂഗിയാൻ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനിയെ അദ്ദേഹത്തിന്റെ അരമനയിൽ സ്വീകരിച്ചപ്പോൾ.

# Christmas Greetings to His Holiness the Catholicos of the East

## from Various Churches

### POPE JOHN PAUL II

**To, His Holiness Baselius Marthoma Mathews I**
**Catholicos of the East**

The strains of the prayer for peace at Assisi continue to echo in my heart, and great therefore was my joy on receiving your letter of 14 October assuring me of your own spiritual participation in the event.

In welcoming your representative, His Grace Paulos Mar Gregorios, to the World Day of prayer for peace, I know that I was welcoming your Holiness and your entire Church into that prayer offered to the Lord.

I am confident moreover that our Churches, in bearing witness to peace and unity in their relations with one another are also advancing the cause of peace in a singular and irreplaceable way.

In these days, as we prepare to celebrate the birth of our Saviour, I offer you my best wishes for the feast of Christmas and assure you of my prayers for your ministry. May He whom the peoples called Prince of Peace keep you in His love and bestow on you His blessings.

From the Vatican,
17 December 1986.

John Paul II.

# Pimen, Patriarch of Moscow

Your Holiness,
Beloved Brother in the Lord;

With heartfelt love and joy, I greet you with the feast of the Nativity of the Lord, our God and Saviour Jesus Christ.

Out of His infinite love to man, the Pre-Eternal son of God comes to being from heaven, incarnated by the Holy Spirit and the Virgin Mary (Jn. 1:14) so that people may be partakers of the Divine nature and become His heirs (2 pet. 1:4; Gal. 4:7).

On this great and salutary day, every year for almost two thousand years, when the most wondrous mystery is being accomplished, Christians praise the newly-born Saviour of the world beseeching His help and intercession.

In our days, when humanity faces its possible destruction through the accelerating arms race and the sophistication of nuclear, chemical, bacteriological and other types of lethal weapons, we ask the Prince of Peace and the Lord to bless the efforts of all Christians and people of good will pursuing the noble cause of establishing the ardently-desired peace, love and happiness on our planet.

As we approach the Millenium Jubilee of the Baptism of Russia, the Russian Orthodox Church is praying fervently to the Lord that He may grant her all things that are pertinent to her salvific mission.

Extending our brotherly and heartfelt greetings to Your Holiness on the great feast of the Nativity of Christ, we offer up our prayers to the Infant God, asking Him to grant to you personally and all the people on the earth a joyful, peaceful and quiet New Year, like one that was praised by the dwellers of heaven on the Holy Christmas night: "Glory to God in the highest, and on earth peace among men with whom he is pleased" (Lk. 2:14)

With love in Christ our Saviour,

PIMEN, PATRIARCH OF MOSCOW AND ALL RUSSIA.

Moscow
Christmas 1986/7.

# Abba Tekle Haimanot Patriarch of Ethiopia

**"In Him was life and the life was the light of men" Jn. 1:4.**

Your Holiness,

This is to wish you a 'blessed Christmas and a happy New Year' in the Name of the Incarnate Son of God, Jesus Christ our Lord.

For this acceptable day of grace and salvation the holy Name of God was and is still being blessed and glorified both in heaven and on earth by the Angels and Sons of men, because it was on this day that the true life was made manifest in the world through the coming of the son of God who is the Life and the Light of the world; (Jn: 1:4; 1.Jn. 1:2.)

Therefore we all together glorify Him for His abundant blessing poured upon His church in the world to endlessly celebrate Christmas in the spirit of St. John the Apostle who gave his true witness to it, and in proclaiming peace, love, freedom and joy to the world like the Angels of God.

On this holy occasion, I wish your Holiness, good health and successful ministry in the coming year.

Addis Ababa
15th Dec: 1986

ABBA TEKLE-HAIMANOT
PATRIARCH OF ETHIOPIA

# Maxime Patriarch De Bulgarie

Your Holiness,

It is with joy that the christian world welcomes once again the Incarnated by the Holy Virgin Son of God for the sake of the salvation of mankind. The heaven and the earth rejoice, because God manifested His great Grace toward all of us of the earth, destroyed the enmity, and preached peace to them which were afar off and to them that were nigh (Ef. 2:17).

Greeting you on the bright Christmas holiday, We entreat the One born in Bethlehem Lord Christ to bestow upon His faithful the eternal joy of the christmas celebrations into a bond of love and peace.

Let us offer our prayers that in the new circule of the year the man-loving God to lavish the world with His grace, that we may live in peace prosperity and good will among men.

It is with a joy in the One who is born, Son of God, that We wish Your Holiness strength in health and every blessed success in God's vineyard.

Sofia,
Christmas 1986.

Maxime, Patriarch of Bulgarie

# The Holy Synod of the Church of Greece

**Beholding a strange birth, Let us estrange ourselves from the world, By lifting our minds to Heaven; For this cause did the Most High God Appear on earth as a lowly man, Desiring to draw to the Heights Those who cry unto Him: Alleluia.**

Your Holiness,

These words of the Hymnographer readily come to mind at this time of the year as we prepare once again to celebrate the strange and ineffable mystery of our Lord's Nativity. They come to remind us that Christ did not come so much to transform society as to transfigure individuals and to divinize them.

At a time when the world yearns for peace and 1986— a year dedicated to peace— rapidly draws to a close, this truth becomes especially relevent. True peace, the peace of Christ, which passes all understanding, can only be acquired in Him and in His Church, which alone provides us with the means to "estrange ourselves from the world" and to be "drawn by Him to the Heights." Thus the call to honour Christmas and the birth of the Prince of Peace is above all a call to root ourselves more firmly in Him and His Church, and to transform ourselves by living and relating as Christians in everyday life and circumstances. Only then can we transform others and society at large. Otherwise all that we say or do runs the risk of being nothing more than empty words and actions.

May I therefore, dear Brother, pray that Christmas this year will be for all of us an opportunity for increased innerstriving and personal growth in the Body of Christ, for a renewal of ascetic labours and more ardent invocation of Christ's Holy Name that His peace and grace may dwell in our hearts and that as a result His Light may shine in us and through us so that all may see it and believe, and glorify our Heavenly Father.

With much love in the Incarnate Christ

Athens
Christmas 1986

SERAPHIM
ARCHBISHOP OF ATHENS AND ALL GREECE.

# Karekin, Armenian Catholicos

Beloved brother in Christ,

As we have just entered the month of December and have been initiated in the spiritual atmosphere of Advent season, I would like to greet you in the joy that we commonly share in and through the remembrance of our Lord's Incarnation, which always has been and is a source of regeneration in hope, faith and love.

But this joy is not without shadow for us living in Lebanon. I deeply wished and prayed that the words **fighting, killing, kidnapping, destroying, becoming refugees, being displaced** which have occupied such a dominant place in our daily vocabulary, would not re-appear this year in my letter or message. But, alas, we are still here in the midst of such calamities which continue to disturb our life, this year extensively stretching themselves also in economic and social realms of life through the financial disruption of Lebanese economic situation. Every day we feel the peoples agony growing.

But together with you we believe that the joy that springs from our Lord's love for us, human beings, will never be tarnished or extinguished. It is therefore, with the spirit and the power of our sharing in the same joy that I greet you and from the depth of my heart implore the Lord Incarnate to grant you good health, renewed strength and bountiful services for the benefit of your Church and people. I assure you that the brotherly love that we share together in our common Lord means much more to us today than at any other time of normal conditions of life in the Middle East.

Please offer a special prayer for us in this Christmas and Epiphany season which binds us all Christian together.

In brotherly love

Lebanon
5th Dec: 1986

KAREKIN II
CATHOLICOS OF CILICIA


# മലങ്കരസഭ

10-2-1987


# The Malankara Orthodox Church Educational and Social Service Project

## പ. ബാവാ തിരുമനസിലെ കല്പന

നമ്പർ 245/86

കർത്താവിൽ പ്രിയരേ,

നമ്മുടെ സഭയുടെ ആഭിമുഖ്യത്തിൽ 'Educational and Social Service Project' എന്ന പദ്ധതി സമാരംഭിച്ചിരിക്കുന്നു എന്നതിൽ നാം അത്യധികം സന്തോഷിക്കുന്നു. നമ്മുടെ സഭയേ സംബന്ധിച്ചും സമൂഹത്തേ സംബന്ധിച്ചും ലോകത്തേ സംബന്ധിച്ചും നമുക്ക് വലിയ സ്വപ്നങ്ങളുണ്ട്. അങ്ങനെയുള്ള സ്വപ്നങ്ങളിലൊന്നാണ് ഈ പദ്ധതി. ചരിത്രത്തിൽ ഇദംപ്രഥമമായി ഇതോടുകൂടി സാങ്കേതിക വിദ്യാഭ്യാസ രംഗത്തേക്ക് മലങ്കരസഭ പ്രവേശിക്കുകയാണ്. ഇന്ത്യയിൽ സാങ്കേതിക വിദ്യാധിഷ്ഠിതമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനും ലോകസമാധാനം പുലർത്തുന്നതിനും ഓരോ മനുഷ്യരിലും അത്യുന്നതമായ സാൻമാർഗിക ബോധം വളർത്തുന്നതിനുംവേണ്ടി ധാർമിക മൂല്യങ്ങളിൽ അഗാധമായ വിശ്വാസമുള്ള മതാത്മകസമൂഹമെന്ന നിലയിൽ സഭ നടത്തുന്ന പ്രഥമ ശ്രമമാണിത്.

എല്ലാത്തരത്തിലുമുള്ള തൊഴിലിനേയും നാം ആരാധനയായി കണക്കാക്കുന്നു. ഈ പദ്ധതിയും ആ തരത്തിലുള്ള ഒന്നാണ്. ദൈവജോലിക്ക് വിളിക്കപ്പെട്ടിരിക്കുന്നവരാണ് തങ്ങൾ എന്നു വിശ്വസിക്കുന്നവരിൽകൂടി വേണം ഇതിന്റെ പ്രവർത്തനം അത്രയും നടക്കേണ്ടത്. ഈ അവബോധം വലിയ സൗധങ്ങൾ പണിയേണ്ടതായ അസ്ഥിവാരവും പ്രാപിക്കേണ്ടതായ ഒരു ലക്ഷ്യവും നന്മയെ തിന്മയിൽനിന്നും കൂടുതൽ പ്രധാനമായവയെ അത്രമേൽ പ്രധാനമല്ലാത്തവയിൽനിന്നും വിവേചിക്കുന്നതിനുമുള്ള മാനദണ്ഡവും നമുക്ക് നൽകുന്നു.

ഈ സംരംഭത്തിന് ദൈവത്തിന്റെ അനന്തമായ കൃപകൾ ചൊരിയണമെന്ന് പ്രാർത്ഥിക്കുന്നു. നിങ്ങളുടെ ഏവരുടേയും ആത്മാർത്ഥമായ സഹകരണം ഈ പദ്ധതിയുടെ വിജയത്തിന് നൽകണമെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം ഓർമ്മിപ്പിക്കുന്നു.

1986 ഡിസംബർ 29-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്ന്.

## ഈ ലക്കത്തിൽ


* ക്രിസ്മസ് സന്ദേശങ്ങൾ
* പ. ബാവാ തിരുമനസസിലെ കല്പന
* Malankara Orthodox Church Education Service Society........
* മാർത്തോമ്മാസഭയുടെ അവകാശവാദങ്ങൾ
* ദിവ്യസമാഗമം ശാസ്ത്രീയവീക്ഷണത്തിൽ
* ഭിലായ് മിഷ്യൻ
* നാലാം സുവിശേഷത്തിലൂടെ ഒരു തീർത്ഥയാത്ര
* യേശുനാഥന്റെ പൂന്തോട്ടം
* മരിച്ചവർക്കുവേണ്ടി എന്തിനു നാം പ്രാർത്ഥിക്കുന്നു
* ബോംബെ പള്ളികൂദാശ
* റിപ്പോർട്ടർ
* ബൈബിൾപഠനം

# Malankara Orthodox Church Education and Social Service Society No. K 303/86

# "The Challenge of the Future"

## മുഖവുര

ലോകത്തെമ്പാടുമുള്ള മനുഷ്യരെ ഗ്രസിച്ചിരിക്കുന്ന മുഖ്യചിന്ത ഭാവിയെക്കുറിച്ചുള്ളതാണ്. സഭ അടിസ്ഥാനപരമായും ആദ്ധ്യാത്മികമായ അഭ്യുന്നതിക്ക് സ്വയം സമർപ്പിച്ചിരിക്കുകയാണ്. എങ്കിലും സ്വാഭാവികമായും അത് ഓരോ മനുഷ്യന്റെയും ഭൗതികമായ ഉത്കർഷത്തെക്കുറിച്ചും ഗൗരവപൂർവ്വം ചിന്തിക്കുന്നുണ്ട്. സാമൂഹിക രംഗത്തെ പ്രവർത്തനത്തിനും നയപരമായ കാര്യങ്ങളെ പുനർ നിർവചിക്കുന്നതിനും രാഷ്ട്രീയവും സാമൂഹികവുമായ ഘടനകളെ വിശകലനം ചെയ്യുന്നതിനും അത് പുതിയ കർമ്മപരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. സഭ ഇന്ന് മെച്ചപ്പെട്ട ജീവിതത്തിനുവേണ്ടി പണിപ്പെടുന്നവരോട് താദാത്മ്യം പ്രാപിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനം, ആധുനിക ഘട്ടത്തിൽ ദരിദ്രരുടെയും നിസഹായരുടെയും യേശുക്രിസ്തുവിനെ വീണ്ടും സഭ കണ്ടെത്തുകയും പുനഃപ്രതിഷ്ഠിക്കുകയും ചെയ്തു എന്നുള്ളതാണ്. മതേതരമായ ഈ പശ്ചാത്തലത്തിൽ നന്മയ്ക്ക് തിന്മയോട് സന്ധിയില്ലാതെ സമരം നടത്തുന്ന ഒരാത്മികതയെയും രാഷ്ട്രീയമായ ഭാഗഭാഗിത്വം ആവശ്യപ്പെടുന്ന ഒരു വേദശാസ്ത്രത്തെയും കണ്ടുപിടിക്കേണ്ടിവന്നു. ഈ ഒരു താത്പര്യമാണ് ജനങ്ങളുടെ വിദ്യാഭ്യാസപരവും സാമൂഹിക സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്നതിന് സഭയുടെ ആഭിമുഖ്യത്തിൽ ഒരു രജിസ്റ്റേർഡ് സൊസൈറ്റി രൂപവൽക്കരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിന് മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയെ പ്രേരിപ്പിച്ചത്.

വിവിധ സമൂഹങ്ങളുടെ സാമൂഹ്യ സാമ്പത്തിക ജീവിതത്തിലെ നിശ്ചല മേഖലകളെ വ്യക്തവും സൂക്ഷ്മവുമായി കണ്ടെത്തുക എന്നതാണ് സൊസൈറ്റിയുടെ ലക്ഷ്യം. സുവിശേഷദൗത്യത്തെപ്പറ്റിയുള്ള കാഴ്ചപ്പാടിനെ പുതുതായി സംവിധാനം ചെയ്യുവാനും അടിയന്തിരപ്രാധാന്യമുള്ള കാര്യങ്ങളെ അനുക്രമമായി നിർവചിക്കുവാനും സാമൂഹിക പുനർജീവനത്തിന് സാധകമായ പുതിയ മനോഭാവങ്ങളെയും മൂല്യനിർണ്ണയത്തെയും രൂപപ്പെടുത്തണമെന്ന് അത് ആവശ്യപ്പെടുന്നു. പരിഹാരമായി ചെയ്യേണ്ട കർമ്മങ്ങളെന്തെന്ന് നിർദ്ദേശിക്കുന്നതിന് പ്രാരംഭമായി ഏതൊരു സമൂഹത്തിന്റെയും സാമൂഹിക സാമ്പത്തിക പരിതസ്ഥിതിയെ ആധാരപ്രമാണമായും രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്.

സമൂഹത്തിന്റെ ഭിന്നഭാഗങ്ങളിലെ ജീവിതഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനെ ലക്ഷ്യമാക്കിയുള്ള ഏതൊരു പദ്ധതിയുടെയും ഉള്ളടക്കം സമകാലികമായ ആവശ്യങ്ങളോട് നിരക്കുന്നവയായിരിക്കണം. കർമ്മപരിപാടിക്ക് തികച്ചും ഉപയുക്തമായ ഒരു പരിപാടി നമുക്ക് ഉണ്ടായെങ്കിലേ മതിയാകൂ. ഈ നിർദ്ദേശമനുസരിച്ച് ഇങ്ങിനെയൊരു സൊസൈറ്റിയുടെ രൂപവത്ക്കരണസാദ്ധ്യത ആരായുന്നതിനും അതിനു യോജിച്ച നിയമാവലിയടങ്ങിയ ഭരണഘടന നിർമ്മിക്കുന്നതിനും 1984 സെപ്റ്റംബറിൽ ഒരു വിദഗ്ധ കമ്മറ്റിയെ നിയോഗിക്കുകയുണ്ടായി. 'ദി ട്രാവൻകൂർ – കൊച്ചിൻ ലിറ്ററി സയന്റിഫിക്ക് & ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്ററേഷൻ ആക്ട് 1955'–നു വിധേയമായി 'ദി മലങ്കര ഓർത്തഡോക്സ് ചർച്ച് എഡ്യൂക്കേഷൻ ആൻഡ് സോഷ്യൽ സർവീസ് സൊസൈറ്റി' എന്ന പേരിൽ ഒരു സംഘടന രൂപവൽക്കരിക്കണമെന്ന് നിർദ്ദേശിച്ചത് ഈ സമിതിയാണ്. 1986 ഒക്ടോബറിൽ മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റി ഈ സൊസൈറ്റിയുടെ ഭരണഘടനയുടെ കരടുരേഖയും നിയമാവലിയും പാസാക്കി. പരിശുദ്ധ സുന്നഹദോസും ഇതിന് അനുമതി നൽകി. പിന്നീട് ഈ സൊസൈറ്റി 1986–ലെ K–303 ആയി രജിസ്റ്റർ ചെയ്യപ്പെട്ടു. താല്ക്കാലികമായി ഈ സൊസൈറ്റിയുടെ കാര്യങ്ങൾ നോക്കുന്നതിന് നി. വ. ദി. ശ്രീ. തോമസ് മാർ അത്താനാസിയോസ് എപ്പിസ്ക്കോപ്പാ ചെയർമാനായുള്ള ഒരു അഡ്ഹോക്ക് കമ്മറ്റിയെ പരിശുദ്ധ ബാവാ തിരുമനസുകൊണ്ട് കല്പിച്ചു നിയമിക്കുകയുണ്ടായി.



മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമാണ് ഈ സൊസൈറ്റിയുടെ രക്ഷാധികാരി. ഇതിന്റെ ഭരണകാര്യത്തിനും മററുമുള്ള രജിസ്റ്റേർഡ് ഓഫീസ് കോട്ടയ (കേരള)ത്താണ്.

### ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും

സാമുദായിക പരിഗണനകൾക്ക് അതീതമായി ഇന്ത്യയിലുള്ള സർവരുടേയും സാമൂഹികവും സാംസ്ക്കാരികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനുവേണ്ടി ഈ സൊസൈറ്റി പ്രവർത്തിക്കുന്നതാണ്. ഈ ലക്ഷ്യത്തിന് അനുരോധമായി ഈ സൊസൈറ്റിക്ക് താഴെപ്പറയുന്നവയെ സ്ഥാപിക്കുകയും നടത്തുകയും ഭരിക്കുകയും ചെയ്യാം.

1. ഉപരിസാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങൾ
2. പൊതു വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള സ്ക്കൂളുകളും കോളേജുകളും
3. കൊമേഴ്സ്യൽ ഇൻസ്റ്റിട്യൂട്ടുകളും ട്രേഡ് ട്രെയിനിംഗ് സെന്ററുകളും
4. തൊഴിലവസരങ്ങളും ഉദ്യോഗസാദ്ധ്യതകളും ഉണ്ടാക്കുന്നവിധം തൊഴിൽ പരിശീലനം നൽകുന്ന, വർക്ക്ഷോപ്പുകളും വ്യവസായിക സെൻറുകളും.

സൊസൈറ്റിയുടെ ഉദ്ദേശം മനുഷ്യവിഭവ വികാസമാണ്. മനുഷ്യവിഭവങ്ങളെ ഔട്ട്പുട്ട് (ഉത്പന്നങ്ങൾ) ആയി രൂപപ്പെടുത്താനുള്ള ഒരു സംവിധാന മാണല്ലോ ഇത്. ഇന്ത്യാ ഗവൺമെന്റിന്റെ 7–ാം പഞ്ചവൽസരപദ്ധതി അതിന്റെ പ്രഥമ ലക്ഷ്യങ്ങളിൽ ഒന്നായി സ്വീകരിച്ചിരിക്കുന്നത് രാജ്യത്തിന്റെ സമൃദ്ധമായ മനുഷ്യവിഭവത്തെ നിയന്ത്രണവിധേയമാക്കി നീതിപൂർവ്വകമായ വിധത്തിൽ മാനവവികാസത്തിന് ഉതകുന്നവിധം മനുഷ്യരുടെ കഴിവുകളെ മെച്ചപ്പെടുത്തുക എന്നതാണ്. ദേശീയ ലക്ഷ്യങ്ങൾക്കു നിരക്കുന്നവിധം സംവിധാനം ചെയ്തിരിക്കുന്ന അനന്യമായ ഒരു സംഘടനയാണിത്. ഈ സൊസൈറ്റിക്ക് ലാഭോദ്ദേശ്യം അശേഷമില്ല. ഇതിന്റെ ആദായവിഹിതം അംഗങ്ങൾക്ക് പങ്കുവെക്കുവാൻ അർഹതയുമില്ല. നിരന്തരമായി ഇതിന്റെ ലാഭം സൊസൈറ്റിക്കുതന്നെ ലഭിക്കുന്നതാണ്. വിവിധ വിഷയങ്ങളിൽ പ്രത്യേകമായ അവഗാഹം നേടിയവരുടെ സംഘടിതമായ യത്നത്തിൽകൂടിയാണ് ഈ സൊസൈറ്റിയുടെ കർമ്മപരിപാടികൾ വിജയിപ്പിക്കേണ്ടത്. ഇതിന്റെ ലക്ഷ്യം തൊഴിൽ സൃഷ്ടിക്കുകയും നകുകയുമാണ്. സ്വയം തൊഴിൽ കണ്ടെത്തുക എന്നതിനാണ് സർവ്വപ്രാധാന്യം കല്പിച്ചിരിക്കുന്നത്. സൊസൈറ്റിയുടെ പ്രവർത്തനത്തിൽ സ്വയംതൊഴിൽ കണ്ടെത്തൽ എന്നത് തന്ത്രപ്രധാനമായ സ്ഥാനം വഹിക്കുന്നു.

### ഭരണസംവിധാനം

സൊസൈറ്റിക്ക് ഒരു പ്രസിഡന്റും 14 അംഗങ്ങളും അടങ്ങുന്ന ഒരു ഭരണസമിതി ഉണ്ടായിരിക്കുന്നതാണ്. സൊസൈറ്റിയുടെ രക്ഷാധികാരിയായ പ. ബാവാ തിരുമേനി മലങ്കരസഭയിലെ മേല്പട്ടക്കാരിൽ ആരെയെങ്കിലും ഒരാളെ ഇതിന്റെ പ്രസിഡന്റായി നിയമിക്കുന്നതായിരിക്കും. അതിനു പുറമെ 14 കമ്മറ്റി അംഗങ്ങളിൽ 5 പേരേയും മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മററിയിൽനിന്നും ഒരു വൈദികനേയും ഒരു ആൽമായക്കാരനേയും ഈ ഭരണസമിതിയിലേക്ക് രക്ഷാധികാരി നാമനിർദ്ദേശം ചെയ്യുന്നതാണ്. ഇതിനുംപുറമേ വൈദികട്രസ്റ്റിയും ആത്മായട്രസ്റ്റിയും മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മററി സെക്രട്ടറിയും ഭരണസമിതിയിൽ എക്സ് ഒഫീഷ്യോ അംഗങ്ങളായിരിക്കും. സൊസൈറ്റിയുടെ പൊതുയോഗം അനുഭവസമ്പത്തും വൈദഗ്ദ്യവുമുള്ള 6 പേരെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കുന്നതാണ്.


### ഉടൻ നടത്തുന്ന കർമ്മപരിപാടികൾ

സൊസൈറ്റിക്ക് ധാരാളം രചനാത്മകമായ പരിപാടികൾ ഏറെറടുത്ത് നടപ്പാക്കാമെങ്കിലും ഇന്നത്തെ വിഭവപരിമിതി കണക്കാക്കി സൊസൈറ്റിയുടെ താത്ക്കാലിക ലക്ഷ്യം:

1. ഒരു എൻജിനീയറിംഗ് കോളേജ് (കേരളത്തിനു പുറത്ത്)
2. ഊട്ടി, കുനൂർ മേഖലയിൽ ഒരു പബ്ളിക് സ്ക്കൂൾ
3. സംസ്ഥാന ഗവൺമെന്റിനോടും കേന്ദ്ര ഗവൺമെന്റിനോടും സഹകരിച്ച് വിവിധ ഇടവകകളും ഭദ്രാസനങ്ങളും ഏററുനടത്തുന്ന ഗ്രാമീണ വികസനപ്രവർത്തനങ്ങൾ എന്നിവ ആരംഭിക്കുകയാണ്.

(തുടരും)

## ഒന്നാം ചരമവാർഷികം
18-2-1987



ബഥനി ആശ്രമാംഗവും കുന്നംകുളം ബഥനി ഇംഗ്ലീഷ് മീഡിയം സ്ക്കൂളിന്റെ സ്ഥാപകനും ആൻഡമാൻസ്, ആസ്സാം, നാഗാലാൻറ് മുതലായി ഭാരതത്തിലെ വടക്കുകിഴക്കൻ ഇടവകകളുടെ വികാരിയായി സേവനം അനുഷ്ടിച്ച ദേഹവുമായ **റവ. ഫാ. ഗീവർഗീസ് ഒ. ഐ. സി.** (ബ. അച്ചന്റെ ഓർമ്മ ബഥനി ആശ്രമത്തിൽ പെരുനാട്, നടത്തപ്പെടും.)

Advt.




# മാർത്തോമ്മാ സഭയുടെ അവകാശവാദങ്ങൾ (vi)

**ജോർജ് വർഗീസ്, മദ്രാസ്**

സുറിയാനി സഭയെ ചർച്ചു മിഷൻ സൊസൈററിയിൽ ലയിപ്പിപ്പാൻ മുൻകൂട്ടി ആസൂത്രണംചെയ്ത ഒരു പദ്ധതി അനുസരിച്ച് സുറിയാനിസഭയിൽ ചില പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുവാനായി ഏതാനും വ്യവസ്ഥകൾ, കൽക്കത്താ ബിഷോപ്പ് ഡാനിയേൽ വിൽസൻ 1832 നവംബറിൽ കോട്ടയത്തു വന്നു മലങ്കര മെത്രാപ്പോലീത്താ ചേപ്പാട്ടു മാർ ദീവന്നാസ്യോസിനെ ഏല്പിച്ച് അതു സ്വീകരിപ്പാൻ പ്രേരിപ്പിച്ചു. 1836 ജനുവരി 16-ാം തീയതി മാവേലിക്കര പുതിയകാവു പള്ളിയിൽ മലങ്കരസഭയുടെ ഒരു പള്ളിപ്രതിപുരുഷയോഗം (സുന്നഹദോസ്) കൂടി പ്രസ്തുത വ്യവസ്ഥകൾ നിരാകരിച്ചുകൊണ്ട് പടിയോല എഴുതി. മിഷണറിമാരും സുറിയാനിക്കാരും തമ്മിലുണ്ടായിരുന്ന ഭിന്നത ആ സമയം അതിന്റെ ഉച്ചകോടിയിൽ എത്തിയിരുന്നു. ചോറിനുവേണ്ടിയും സാമ്രാജ്യശക്തിയുള്ള വെള്ളക്കാരന്റെ പ്രീതിക്കുവേണ്ടിയും മതം വിററുതിന്നുന്ന നികൃഷ്ട ജന്തുക്കളല്ലായിരുന്നു മലങ്കര സുറിയാനിക്കാർ.

ആംഗ്ലേയ മിഷണറിമാരെ അകററി നിറുത്തുന്നതിന് അന്ത്യോഖ്യായുടെ ഇവിടെ ഇല്ലാത്ത അധികാരം ഉണ്ടെന്നു ചേപ്പാട്ടു മെത്രാച്ചനും അദ്ദേഹത്തിന്റെ ആലോചനക്കാരും കൂടി മാവേലിക്കര സുന്നഹദോസ് നിശ്ചയങ്ങൾകൊണ്ടു രേഖയുണ്ടാക്കിയെന്നും, പ്രസ്തുത നിശ്ചയത്തിൽ പറയുന്നതുപോലെ സുറിയാനിസഭയുടെ ആരാധനക്രമത്തിൽ എന്തെങ്കിലും വ്യത്യാസം വരുത്തണമെന്ന് ബിഷോപ്പ് വിൽസൻ ആവശ്യപ്പെട്ടിരുന്നില്ലെന്നും. സഭയുടെ ക്ഷേമത്തിന് അത്യന്താപേക്ഷിതമായ ചില സംഗതികൾ മാത്രമാണ് വിൽസന്റെ വ്യവസ്ഥയിൽ ചേർത്തിരുന്നതെന്നും, മെത്രാപ്പോലീത്തായും ആലോചനക്കാരും കൂടി ജനങ്ങളെ തെററിദ്ധരിപ്പിച്ചും, മെത്രാപ്പോലീത്താ തന്റെ അധികാരത്തെ ദുരുപയോഗപ്പെടുത്തിയതാണ് അപ്രകാരമൊരു നിശ്ചയം എഴുതിയുണ്ടാക്കിയതെന്നും മാർത്തോമ്മാ സഭാചരിത്രകർത്താക്കൾ വാദിക്കുന്നുണ്ട്. (ടി. സി. ചാക്കോ. പുറം 75) ഇതു വെറുമൊരു അസത്യപ്രസ്താവനയാണ്. സുറിയാനിക്കാരുടെ സ്വന്തം കാശു മുടക്കിപ്പണിയിച്ച അവരുടെ പള്ളികളുടെ വരവുചെലവു കണക്കുകൾ മിഷണറിമാരെ ബോധ്യപ്പെടുത്തുക, മിഷണറിമാരുടെ നവീകരണോദ്ദേശത്തെ അനുകൂലിക്കയൊ, കൈയേൽക്കയൊ ചെയ്യാത്തവരുടെ പട്ടത്തെ തടയുക, മരിച്ചവർക്കുവേണ്ടിയുള്ള കുർബാന നിറുത്തുക, കുർബാന തക്സായിലെ 'അക്ഷേപഭാഗങ്ങൾ' നീക്കി ചുരുക്കി തർജമ ചെയ്യുക—അതാവിതു സഭയുടെ കാതോലിക വിശ്വാസാചാരങ്ങളെ നീക്കിക്കളയുക എന്നിവയായിരുന്നു റവ. വിത്സന്റെ വ്യവസ്ഥകൾ. ഇത് * ''ഒരു ക്രിസ്തീയ മെത്രാനും സമ്മതിച്ചുകൊടുത്തുകൂടാത്തതായ അടിമത്വത്തെ ചുമത്തുന്ന വ്യവസ്ഥകളായിരുന്നു'' എന്നാണ് റസിഡണ്ട് മക്കെൻസി രേഖപ്പെടുത്തിയിരിക്കുന്നത്. ആ കാലങ്ങളിൽ മലങ്കരസഭയുടെ മേൽ അന്ത്യോഖ്യായ്ക്ക് ആത്മീയവിഷയത്തിൽ മാത്രമെ മേലധികാരം ഉണ്ടായിരുന്നുള്ളുവെന്നും, സ്വത്ത്, സഭാഭരണം എന്നീ കാര്യങ്ങളിൽ മലങ്കര സഭ സ്വതന്ത്രസഭയാണെന്നും ചേപ്പാടു മെത്രാച്ചനും സുറിയാനി സമുദായത്തിനും അറിയാമായിരുന്ന സ്ഥിതിക്ക് പാത്രിയർക്കീസിന്റെയൊ അദ്ദേഹത്തിന്റെ പ്രതിനിധിയുടെയൊ ആലോചനയും സമ്മതവും കൂടാതെ ഒരു വെള്ളക്കാരന്റെ 'ചോററുവേദ'ത്തെ അതേപടി സ്വീകരിച്ചു സഭയെ ഒററിക്കൊടുപ്പാൻ ചേപ്പാട്ടു മെത്രാച്ചൻ മാവേലിക്കര സുന്നഹദോസിൽവച്ച് ഡോക്ടർ വിത്സന് ഒപ്പുവെയ്ക്കാഞ്ഞതിൽ ഇന്ന് മാർത്തോമ്മാക്കാർ സുറിയാനിക്കാരെ കുററം പറയുന്നത് വ്യർത്ഥമാണല്ലൊ.

മാവേലിക്കര സുന്നഹദോസ് അബ്രഹാം മൽപാന്റെ ഇച്ഛയ്ക്കും പ്രതീക്ഷയ്ക്കും പ്രതികൂലമായി കലാശിച്ചതു കണ്ടതോടെ മൽപാനും

* Christianity in India by G. T. Mackenzie P. 90.



## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്

Kallingal Pathrose Mathai

★



Kallingal George Pathrose

★



ധനിക്ക് അനുകൂലികളായ ഏതാനും പട്ടക്കാരും ചേർന്ന് സുറിയാനി സഭയുടെ പള്ളിക്രമവും തക്സായും തങ്ങൾക്കു തോന്നിയവിധം വെട്ടിത്തിരുത്തി പരിഷ്കരിച്ചു. ഈ പരിഷ്ക്കാരങ്ങൾ ഇപ്രകാരമാണ്: (1) പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനകൾ എല്ലാം നീക്കിക്കളഞ്ഞു. (2) മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ എല്ലാം നീക്കിക്കളഞ്ഞു. (3) ''സർവ ലോകത്തിലുമുള്ള നിന്റെ വിശുദ്ധ സഭയ്ക്കുവേണ്ടി രക്തം കൂടാത്ത ഈ ബലിയെ നിനക്കു ഞങ്ങൾ അണയ്ക്കുന്നു'' എന്നുള്ള പ്രാർത്ഥനയെ ''കർത്താവേ.... സഭയ്ക്കുവേണ്ടി ഈ പ്രാർത്ഥനയെ ഞങ്ങൾ അണയ്ക്കുന്നു' എന്നു ഭേദപ്പെടുത്തി. (4) ''ജീവനുള്ള ബലിയെ....അണയ്ക്കുന്നു'' എന്നതിനെ ''ജീവനുള്ള ബലിയെ കൃപയും സമാധാനവും സ്തോത്രവുമാകുന്ന ബലിയെ അണയ്ക്കുന്നു'' എന്നു ഭേദപ്പെടുത്തി. (5) ''ഈ കുർബാന....ബലിയും സ്തോത്രവുമാകുന്നു'' എന്നുള്ള തക്സായിൽനിന്നു നീക്കിക്കളഞ്ഞു. (6) വി. റൂഹാ ''ധൂമകലശത്തെ ശുദ്ധീകരിക്കുന്നവനാകുന്നു'' എന്നുള്ളതു നീക്കി. (7) ധൂപക്കുററി വാഴ്ത്തണമെന്നുള്ള കുറിപ്പ് എടുത്തുകളഞ്ഞു. (8) ''ഈ അപ്പത്തെ ജീവനുണ്ടാക്കുന്ന ശരീരമായി രക്ഷാകരമായ ശരീരമായി ആക്കിത്തീർക്കുമാറാകട്ടെ'' എന്നുള്ളതിനെ അവൻ (പ. റൂഹാ) ആവസിച്ചുകൊണ്ട് ഈ അപ്പത്തെ അതിനെ കൈക്കൊള്ളുന്നവർക്ക് പാപങ്ങളുടെ മോചനത്തിനും നിത്യജീവനുമായി യേശുമിശിഹായുടെ ശരീരമാക്കി തീർക്കുമാറാകട്ടെ'' എന്നു ഭേദപ്പെടുത്തി. (9) ''നമ്മുടെ രക്ഷിതാവിന്റെ കല്ലറമേൽ വെയ്ക്കപ്പെട്ട ആ തീക്കൽ പാറയും നീയാകുന്നു'' എന്നതിനെ ''പണിക്കാർ നിരസിച്ച ശോധന ചെയ്യപ്പെട്ടതും വിലയേറിയതുമായ ആ തീക്കൽ പാറയും നീയാകുന്നു'' എന്നു ഭേദപ്പെടുത്തി. വിശ്വാസാചാരങ്ങളിൽ ചെയ്ത ചില ഭേദഗതികൾ, കുർബാന രണ്ടായി കൊടുക്കുക, പട്ടക്കാരന്റെ സാന്നിധ്യത്തിൽ ദൈവത്തോടു പാപം ഏററുപറഞ്ഞു പാപമോചനം അർത്ഥിക്കുന്ന രഹസ്യക്കുമ്പസാരം അഥവാ സൈ്വര്യകുമ്പസാരം (റോമാ രീതിയിൽനിന്നും വിഭിന്നമായ) നിർത്തലാക്കുക, കൈക്കൊള്ളുവാൻ ആളില്ലാത്തപ്പോൾ കുർബാന ചൊല്ലുന്ന ഏർപ്പാടു നിറുത്തുക, പള്ളിപ്പെരുന്നാളുകളിൽ നടന്നുപോന്ന റാസ വെടിക്കെട്ട് കലാപരിപാടികൾ മുതലായവ നിർത്തുക എന്നിവയായിരുന്നു.

മാവേലിക്കര സൂന്നഹദോസ് നിശ്ചയങ്ങളെ അവഗണിച്ച് സുറിയാനി തക്സാ പരിഷ്ക്കരിക്കയും വിശ്വാസാചാരങ്ങളിൽ വ്യതിയാനം വരുത്തുകയും ചെയ്ത അബ്രഹാം മൽപാനെയും സഹപ്രവർത്തകരെയും ചേപ്പാട്ടു മാർ ദീവന്നാസ്യോസ് മുടക്കി. മൽപാൻ, 8-ാം മാർത്തോമ്മായുടെ കൈവയ്പ്പിനെപ്പററി സംശയം ഉണ്ടായ കാരണം, 1001 വൃശ്ചികം 3-ാം തീയതി ഇവിടെ വന്ന മാർ അത്താനാസ്യോസ് അബ്ദെംശീഹ എന്ന ഒരു പരദേശ മെത്രാനിൽനിന്നും തന്റെ മുപ്പതാമത്തെ വയസ്സിൽ ആവർത്തിച്ചു പട്ടമേററിരുന്നു. പാത്രിയർക്കീസിന്റെ ആത്മീയാധികാരം അംഗീകരിച്ചതുകൊണ്ടാണ് മൽപാൻ ഇങ്ങനെ ചെയ്തത്. സഭയുടെ വിശ്വാസാചാരങ്ങളിൽ മൽപാൻ മാററം ഉണ്ടാക്കിയില്ലെന്നു പറയുന്നത് സത്യവിരുദ്ധമാണ്.

### സ്വാതന്ത്ര്യത്തിന്റെ വീണ്ടെടുപ്പു വാദം

''പുലിക്കോട്ടു മാർ ദീവന്നാസ്യോസിന്റെ കൈയിൽനിന്നു മലങ്കര മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ സ്വാതന്ത്ര്യവും മലങ്കരസഭയുടെ വിശ്വാസത്തിന്റെ പരിപാവനതയും ''മാർ തോമസ് അത്താനാസ്യോസ് വീണ്ടെടുത്തുവെന്ന് മാർത്തോമ്മാ ചരിത്രകർത്താക്കൾ വാദിക്കാറുണ്ട്. ഇത് നിരർത്ഥകമായ ഒരു വാദമാണ്. മാർത്തോമ്മാ സഭ മലങ്കരസഭയുടെ സ്വാതന്ത്ര്യം നിലനിറുത്തിയവരാണെന്ന് ഒരു കോടതിയും വിധിയെഴുതിയിട്ടില്ല. മാർ മത്യൂസ് അത്താനാസ്യോസിന്റെ പിൻഗാമിയായി വന്ന മാർ തോമസ് അത്താനാസ്യോസിനെ (അബ്രഹാം മൽപാന്റെ മകൻ) മലങ്കര മെത്രാപ്പോലീത്താസ്ഥാനത്തേക്ക് അന്ത്യോഖ്യാ പാത്രിയർക്കീസോ, അദ്ദേഹത്തിന്റെ പ്രതിനിധിയോ വാഴിച്ചിട്ടില്ലെന്നും, ആത്മീയാധികാരത്തിനും ലൗകികമായ സഭാഭരണത്തിനും അദ്ദേഹത്തിനു സമുദായത്തിന്റെ അംഗീകരണം ലഭിച്ചിട്ടില്ലെന്നും അതിനാൽ അദ്ദേഹത്തിന് മലങ്കര മെത്രാൻ സ്ഥാനം അവകാശപ്പെടുവാൻ ന്യായമില്ലെന്നും, പ്രത്യുത, വാദിയായ (അപ്പീൽ പ്രതി) പുലിക്കോട്ടിൽ മാർ ജോസഫ് ദിവന്നാസ്യോസ് അങ്ങനെ വാഴിക്കപ്പെടുകയും ഭൂരിപക്ഷ ജനങ്ങളാൽ സ്വീകരിക്കപ്പെടുകയും ചെയ്തിരിക്കയാൽ മാർ മത്യൂസ് അത്താനാസ്യോസിന്റെ കാലശേഷം മാർ ദിവന്നാസ്യോസാണ് ന്യായമായ മലങ്കര മെത്രാപ്പോലീത്തായെന്നും, ആയതിനാൽ സമുദായ സ്വത്തുക്കൾ വാദിയായ മാർ ദിവന്നാസ്യോസിനെ ഏല്പിക്കുവാനുമാണ് സെമിനാരി കേസിൽ തിരുവിതാംകൂർ

# ഭിലായ് മിഷ്യൻ

## ഈ മക്കോഡിയൻവിളി കേൾക്കണമെ

മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ

വി. പൗലോസ് അപ്പോസ്തലനുണ്ടായ മക്കദോന്യൻ വിളിയെക്കുറിച്ച് അറിവുള്ള വായനക്കാർ മക്കോഡിയൻവിളി എന്നുള്ള ഈ ലേഖനത്തിന്റെ ഹെഡിംഗ് വായിച്ചപ്പോൾ അച്ചടിപ്പിശകാണെന്നു ചിന്തിച്ചുകാണും. അല്ല; മലങ്കര സഭയ്ക്ക് ഇരുപതു നൂററാണ്ടുകളുടെ ചരിത്രത്തിൽ ഇദംപ്രഥമമായി മദ്ധ്യഭാരതത്തിലെ മദ്ധ്യപ്രദേശത്തുള്ള ഒരു കുഗ്രാമത്തിൽ നിന്നുണ്ടായ വിളിയാണത്. 'മക്കോഡിയ ഗ്രാമം' കേരളത്തിൽ നിന്നും ഡൽഹിക്കുള്ള റെയിൽ റോഡിൽ ഇററാർസി, ഹോഷംഗബാദ് എന്നീ സ്റേറഷനുകൾക്കു 25 കി.മീ. പടിഞ്ഞാറുള്ള ഒരു റിപ്പിക്കൽ ഇൻഡ്യൻ വില്ലേജ്. സ്വാതന്ത്ര്യം നേടിയിട്ട് 38 വർഷം പിന്നിട്ട ഭാരതത്തിന്റെ ദേശീയ വികസനത്തിന്റെ സൽഫലങ്ങളിലൊന്നും എത്തിച്ചേരാൻ ഭാഗ്യം കിട്ടാത്ത ആയിരമായിരം ഗ്രാമങ്ങളിൽ ഒരെണ്ണം. രണ്ടു പതിററാണ്ടുകൾക്കു മുമ്പ് ഒരു വിദേശ മിഷനറി കുറെനാൾ ആ ഗ്രാമത്തിൽ പ്രവർത്തിച്ചിരുന്നു. 1970–ൽ അദ്ദേഹം മടങ്ങിപ്പോയി. അദ്ദേഹത്തിന്റെ വീടും പറമ്പും തദ്ദേശീയനായ ഒരു വൈദികൻ വാങ്ങിച്ചു. ഏതാനും നാളുകൾക്കുമുമ്പ് അദ്ദേഹം അമേരിക്കയിൽ കുടിയേറി. അഞ്ചരയേക്കർ സ്ഥലവും പഴയതെങ്കിലും വലിയ ഒരു വീടും നല്ല ഒരു പ്രാർത്ഥനാലയവും മററും ഉൾപ്പെടുന്ന വസ്തു വിൽപ്പനയ്ക്കു വന്നപ്പോൾ സഭയ്ക്കുവേണ്ടി ആയതു വാങ്ങുവാൻ ഭിലായ് മിഷൻ കരാറെഴുതി അഡ്വാൻസു കൊടുത്തു. സ്ഥലം കാണുവാൻ ഞങ്ങൾ ചെന്നപ്പോൾ മഴക്കാലം മാറിയിട്ടില്ലായിരുന്നു. മൂന്നു കിലോമീററർ അകലെ ജീപ്പിട്ടിട്ട് നടന്ന് ഗ്രാമത്തിലെത്താനെ കഴിഞ്ഞുള്ളു. ഭോപ്പാൽ പള്ളിവികാരി പി. ഐ. ജോണച്ചനും ഏതാനും ഇടവകാംഗങ്ങളും എന്നോടൊത്തുണ്ടായിരുന്നു. ഞങ്ങൾ ചെല്ലുന്നതു കണ്ട് ഗ്രാമക്കാരിൽ കുറേപ്പേർ വന്നുകൂടി. പല വിവരങ്ങളും ഞങ്ങൾ തിരക്കി. 'നിങ്ങൾക്കു സംഘടിച്ച് ഒരു വഴി ഉണ്ടാക്കിക്കൂടെ?' ഞാൻ ചോദിച്ചു. 'ഞങ്ങൾക്കു മുമ്പിൽ നിൽക്കാൻ ഒരാളില്ല.' അവർ പറഞ്ഞു. 'ഞങ്ങൾ വന്നാലോ' ഞങ്ങൾ തിരക്കി. 'ഗ്രാമക്കാർ മുഴുവനും പിന്നിലുണ്ടാകും.' അവർ പറഞ്ഞു. വഴിയില്ല; വഴിവിളക്കില്ല; സ്കൂളില്ല; ചികിൽസാ സൗകര്യമില്ല. ആയിരമായിരം ഗ്രാമങ്ങളുടെ സ്ഥിതി ഇന്നും ഇതാണ്. ഉയർന്ന ജാതിക്കാർ ഹരിജനങ്ങളും ആദിവാസികളുമായ പാവപ്പെട്ടവർക്ക് അക്ഷരാഭ്യാസമോ ഉയർച്ചയോ ഉണ്ടാകുവാൻ ആഗ്രഹിക്കുന്നില്ല. അവർ എന്നും അടിമകളെപ്പോലെ പാവങ്ങളായി കഴിയണമെന്നു ചിന്തിക്കുന്നു. 'കടന്നുവന്നു ഞങ്ങളെ സഹായിക്കണമെ' എന്ന മക്കോഡിയൻ വിളി ആയിരമായിരം ഗ്രാമങ്ങളുടെ ശബ്ദമാണ്. ക്രിസ്തീയ സ്നേഹത്തിൽ വേരൂന്നിയ സേവനപ്രവർത്തനങ്ങളാൽ അവരെ ഉദ്ധരിക്കേണ്ട ചുമതല സഭയ്ക്കുണ്ട്. ഭാരതത്തിന് ഇന്നാവശ്യമുള്ള മിഷൻവേല അതാണ്. മലങ്കരസഭയ്ക്ക് ഇതൊരു വെല്ലുവിളിയായി അനുഭവപ്പെടാതെ ഒരു ദേശീയ സഭയെന്ന് അവകാശപ്പെടാൻ സാദ്ധ്യമല്ല.

കൽക്കത്താ ഭദ്രാസനവും ഭിലായ് മിഷനും ഈ രംഗത്ത് എളിയ കാൽവയ്പ് ആരംഭിച്ചിരിക്കുകയാണ്. ഒരു ഒന്നാം ഗ്രേഡ് കോളേജും, ഒരു ജൂനിയർ കോളേജും രണ്ട് ഹൈസ്കൂളുകളും ഉൾപ്പെടെ വിവിധ നിലകളിലായി 12 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾ നിലവിലുണ്ട്. പല സ്ഥലങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ സൗകര്യങ്ങളുണ്ട്. പ്രവർത്തിക്കുവാൻ ആളുകളും മുടക്കുവാൻ പണവും ഇല്ലെന്നുള്ളതാണ് പ്രതിബന്ധം. തുടങ്ങിയ സ്കൂളുകൾക്ക് ആവശ്യമായ കെട്ടിടങ്ങൾ ഉണ്ടായിക്കഴിഞ്ഞിട്ടില്ല. ഭിലായിയിൽ കോളേജിനും ബൊക്കാറോയിലും ജബൽപൂരും ഡീമാപൂരും സ്കൂളുകൾക്കും കെട്ടിടനിർമ്മാണം നടക്കുന്നു. ഇതിനിടയിലാണ് ചിരകാലാഭിലാഷമായ ഗ്രാമപ്രവർത്തനത്തിനു തുടക്കം കുറിക്കുവാൻ സ്ഥലം വാങ്ങുന്നത്. സാർണിയിൽ ആദിവാസികളുടെ ഇടയ്ക്ക് 14 ഏക്കർ സ്ഥലം കഴിഞ്ഞമാസം വാങ്ങി. മക്കോഡിയയിലെ സ്ഥലം വാങ്ങാൻ ഒരു ലക്ഷം രൂപ ഉടനെ ഉണ്ടാകേണ്ടിയിരിക്കുന്നു. സമർപ്പണബുദ്ധിയോടെ പ്രവർത്തിക്കുവാൻ ആളുകളും പ്രവർത്തന മൂലധനവും ലഭ്യമാകണമെ എന്ന് പ്രാർത്ഥിക്കുകയാണ്. കഴിവും മനസുമുള്ള വിശ്വാസികൾ സഭയ്ക്ക് ഇതുവരെ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത ഉത്തരഭാരത മിഷ്യനുവേണ്ടിയുള്ള എളിയ സംരംഭങ്ങളെ കൈതാങ്ങൽ തന്നു സഹായിക്കണമെ. ചെക്കോ ഡ്രാഫ്റേറാ അയക്കുന്നവർ 'St. Thomas Mission Bhilai' എന്ന പേരിൽ St. Thomas Ashram, P. O. Box 24, Bhilai, M. P. 49000 എന്ന വിലാസത്തിൽ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. സർവ്വോപരി ഉത്തരഭാരത മിഷ്യനുവേണ്ടി എവരും പ്രാർത്ഥിക്കണമെ.

---

വനായി ദൈവത്തിൽ സമർപ്പിച്ചു. ദൈവത്തിന്റെ മാതാവായിത്തീരുവാനുള്ള ഭാഗ്യം അവൾക്കു ലഭിച്ചു. 'കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എന്നെ ഭാഗ്യവതി എന്നു വിളിക്കും' എന്ന പ്രവചനം നിവർത്തിയായി മറിയം ധന്യവതിയായിത്തീർന്നു.

സഖറിയായെപ്പററിയും എലിശുബായെപ്പററിയും വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് 'അവർ ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുററമില്ലാത്തവരായി നടന്നവരും ആയിരുന്നു' എന്നാണ്. എത്ര മഹത്തായ സാക്ഷ്യം.

മറിയം ദൈവപുത്രന്റെയും എലിശുബാ യോഹന്നാൻ സ്നാപകന്റെയും മാതാവായിത്തീർന്നു. അവർ ധന്യരായി. ഈ രണ്ടു മാതാക്കളുടെയും ജീവിതം എല്ലാ മാതാക്കൾക്കും മാതൃകയാകട്ടെ. അത് നമ്മുടെ അമ്മമാർക്കു പ്രചോദനം നൽകട്ടെ.

---

മദ്ധ്യസ്ഥതയാൽ ·
ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന്



Jacob Varughese Panicker.



# നാലാം സുവിശേഷത്തിലൂടെ ഒരു തീർത്ഥയാത്ര (xi)


ഫാ. പി. ജോർജ് ഫിലിപ്പ് എം. എ.

വി. യോഹ. 1: 15. 'യോഹന്നാൻ അവനെക്കുറിച്ച് സാക്ഷീകരിച്ചു: എന്റെ പിന്നാലെ വരുന്നവൻ എനിക്കു മുമ്പനായിത്തീർന്നു; അവൻ എനിക്കു മുമ്പെ ഉണ്ടായിരുന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻതന്നെ എന്നു വിളിച്ചു പറഞ്ഞു.'

### എന്തുകൊണ്ടാണ് സ്നാപകന്റെ സാക്ഷ്യത്തെപ്പററി സുവിശേഷകൻ ആവർത്തിച്ചു പരാമർശിക്കുന്നത്?

യേശുവിനെപ്പററിയുള്ള സ്നാപകന്റെ സാക്ഷ്യം സുവിശേഷകൻ ആവർത്തിച്ചാവർത്തിച്ച് അനുസ്മരിപ്പിക്കുന്നു. 'ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു; അവന്ന് യോഹന്നാൻ എന്ന് പേർ. അവൻ സാക്ഷ്യത്തിന്നായി, തന്റെ മുഖാന്തിരം എല്ലാവരും വിശ്വസിക്കേണ്ടതിന്ന് വെളിച്ചത്തെക്കുറിച്ച് സാക്ഷ്യം പറവാൻ തന്നേ വന്നു. അവൻ വെളിച്ചമായിരുന്നില്ല; വെളിച്ചത്തിന് സാക്ഷ്യം പറയേണ്ടുന്നവനത്രെ' എന്ന് ഒന്നാം അദ്ധ്യായം ആറു മുതൽ ഒമ്പതു വരെ വാക്യങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഈ പതിനഞ്ചാം വാക്യത്തിൽ വീണ്ടും സ്നാപകന്റെ സാക്ഷ്യത്തെപ്പററി പറ

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണക്ക്




Mr. & Mrs. T. G. Varughese. ബാബുക്കുട്ടി.



Stephen & Family C. T. N. രോഗശാന്തി ലഭിച്ചതിന്



ലിസ്, കോഴിക്കോട്. Laly Samuel. Late Annamma Cherian, Haripad. Annamma George.



ഏലിസബേത്ത് ജെ. പണിക്കർ. ജോണിക്കുട്ടിയും കുടുംബവും. Mrs. & Mr. P. I. George Panicker.

താമസിച്ചതിനു ക്ഷമാപണം.



യുന്നു. അതിനുശേഷം പത്തൊൻപതു മുതൽ മുപ്പത്തേഴു വരെ വാക്യങ്ങളിൽ സ്നാപകന്റെ സാക്ഷ്യത്തെയും ദൗത്യത്തെയുംപററി വിസ്തരിച്ച് ഉപപാദിക്കുന്നു. സ്നാപകന്റെ സാക്ഷ്യത്തെപ്പററി ഇപ്രകാരം ഇടയ്ക്കിടയ്ക്ക് സുവിശേഷകൻ യഹൂദൻമാരെ അനുസ്മരിപ്പിച്ചത് എന്തുകൊണ്ടാണ്?

യഹൂദൻമാർ സ്നാപകനെ ഏററവും ആദരിച്ചിരുന്നു, ആരാധിച്ചിരുന്നു. തങ്ങൾ പ്രതീക്ഷിച്ചിരുന്ന മിശിഹായായിപ്പോലും സ്നാപകനെ സ്വീകരിക്കുന്നതിന് യഹൂദൻമാർ അഭിലഷിച്ചിരുന്നു.* (വി. യോഹ. 1: 19–37). അപ്രകാരം അവർ ബഹുമാനിച്ചിരുന്ന സ്നാപകന്റെ സാക്ഷ്യം നിരസിക്കുവാൻ അവർക്ക് സാദ്ധ്യമല്ലല്ലോ. അതുകൊണ്ട് യേശുവിനെപ്പററിയുള്ള സ്നാപകസാക്ഷ്യം അവരെ ആവർത്തിച്ച് അനുസ്മരിപ്പിക്കുന്നത് പ്രയോജനകരമായിരിക്കുമെന്ന് നാലാം സുവിശേഷകന് തോന്നി.

ഇതര സുവിശേഷകർ യേശു ദൈവപുത്രനാണെന്ന് വായനക്കാരെ ബോധ്യപ്പെടുത്തുന്നതിന് യെശയ്യാവ് തുടങ്ങിയ പഴയനിയമ പ്രവാചകൻമാരുടെ പ്രവചനമാണ് ഉദ്ധരിച്ചത്.* നാലാം സുവിശേഷകൻ അവയൊന്നും ഉദ്ധരിച്ചില്ല. ഒരേ ഒരാളുടെ—പഴയനിയമ പ്രവാചകൻമാരിലെ അവസാനത്തെ കണ്ണിയും യഹൂദൻമാർക്ക് ഏററവും ബഹുമാന്യനുമായിരുന്ന സ്നാപകയോഹന്നാന്റെ—സാക്ഷ്യംമാത്രം വായനക്കാരെ അനുസ്യൂതം അനുസ്മരിപ്പിച്ചു.

### സ്നാപകന്റെ പ്രവചനം

യേശു പരസ്യശുശ്രൂഷ ആരംഭിക്കുന്നതിന് മുമ്പുതന്നെ സ്നാപകൻ യേശുവിനെപ്പററി യഹൂദൻമാരോട് പ്രവചിച്ചുപറഞ്ഞു. അങ്ങിനെയിരിക്കെയാണ് സ്നാനത്തിനുശേഷം ഒരുദിവസം യേശു സ്നാപകന്റെ സമീപത്ത് എത്തിയത്. അപ്പോൾ സ്നാപകൻ അവരോട്: 'ഞാൻ ഒരുവനെപ്പററി നിങ്ങളോടു നേരത്തെ പ്രവചിച്ചു പറഞ്ഞില്ലേ—എന്റെ പിന്നാലെ വരുന്നവൻ എനിക്കു മുമ്പനായിത്തീർന്നു; അവൻ എനിക്കുമുമ്പെ ഉണ്ടായിരുന്നു എന്നു ഞാൻ പറഞ്ഞവൻ—അവൻ ഇതാ എന്റെ സമീപത്തു നിൽക്കുന്നു—അവൻ ഇവൻ തന്നേ' എന്നു വിളിച്ചുപറഞ്ഞു.

### സ്നാപകന്റെ അവതരണ സവിശേഷത

സ്നാപകൻ എത്ര ബുദ്ധിപൂർവ്വമാണ് യേശുവിനെ യഹൂദൻമാരുടെ മുമ്പാകെ അവതരിപ്പിക്കുന്നത് എന്ന് ശ്രദ്ധിക്കുക. യേശു വരുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കത്തക്ക ഒരു മാനസീകാവസ്ഥ യഹൂദൻമാരിൽ സൃഷ്ടിക്കുകയാണ് സ്നാപകൻ ആദ്യം ചെയ്തത്. എന്തുകൊണ്ടാണ് യേശുവിന്റെ പരസ്യശുശ്രൂഷയ്ക്കു മുമ്പുതന്നെ സ്നാപകൻ യേശുവിനെപ്പററി പ്രസംഗിച്ചു തുടങ്ങിയത്? യേശു പരസ്യശുശ്രൂഷയ്ക്കായി വരുമ്പോൾ അവനെ സ്വീകരിക്കത്തക്ക മനസ്സൊരുക്കം യഹൂദൻമാർക്ക് ഉണ്ടാകണം. യേശുവിന്റെ സാധാരണഭാവം കണ്ട്—എളിയവരിൽ എളിയവനായുള്ള വരവുകണ്ട് അദ്ദേഹത്തെ തിരസ്ക്കരിക്കാൻ അവർ തുനിയരുത്.*

### വാക്യാർത്ഥം

ഈ വാക്യത്തിന്റെ അർത്ഥം എന്തെന്ന് പരിശോധിക്കാം. 'എന്റെ പിന്നാലെ വരുന്നവൻ' എന്നതിന് എനിക്കുശേഷം പ്രസംഗിക്കുവാൻ വരുന്നവൻ എന്ന് അർത്ഥം. എന്നാൽ 'എനിക്കു മുമ്പനായിത്തീർന്നു' എന്നതിന് എനിക്കുമുമ്പെ ജനിച്ചവൻ എന്നല്ല അർത്ഥം. എന്നേക്കാൾ ശ്രേഷ്ഠനായിത്തീർന്നു എന്നാണ് അർത്ഥം. 'എന്റെ പിന്നാലെ വരുന്നവനോ എന്നേക്കാൾ ബലവാനാകുന്നു' എന്ന് വി. മത്താ. 3: 11–ൽ സ്നാപകൻ പറയുന്നുണ്ട്.

ഇതൊരു പ്രവചനമാണെന്ന് സൂചിപ്പിച്ചല്ലോ. അങ്ങനെയെങ്കിൽ 'എനിക്കു പിന്നാലെ വരുന്നവൻ എനിക്കു മുമ്പനായിത്തീരും' എന്ന് ഭാവികാലത്തിലല്ലേ പറയേണ്ടിയിരുന്നത് എന്നൊരു സംശയം തോന്നാം. അതിനു മറുപടി പറയാം. പ്രവാചകൻമാർ പ്രവചിക്കുമ്പോൾ അവ സംഭവിക്കാൻ പോകുന്ന കാര്യങ്ങളാണെങ്കിലും സംഭവിച്ചു കഴിഞ്ഞു എന്ന് ഭൂതകാലത്തിൽ പറയുന്ന രീതി ഉണ്ടായിരുന്നു. ഉദാഹരണത്തിന് യേശുവിനെപ്പററിയുള്ള പ്രവചനത്തിൽ 'അവർ എന്റെ കൈകളും കാലുകളും തുളച്ചു' (സങ്കീ. 22: 16), എന്റെ വസ്ത്രം അവർ പകുത്തെടുത്തു' (സങ്കീ. 22: 18),

---

* യഹൂദൻമാർ യരുശലേമിൽനിന്ന് പുരോഹിതരെയും ലേവ്യരെയും സ്നാപകന്റെ അടുക്കൽ അയച്ച് നീ ക്രിസ്തുവാണൊ ('നീ ആ പ്രവാചകനൊ' വി. യോഹ. 1: 20) എന്ന് ചോദിച്ചു.
* 'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും........' (യെശ. 7: 14; വി. മത്താ. 1: 22).
* ശമര്യക്കാരത്തിക്കും, വേശ്യക്കും, ചുങ്കക്കാരനും അഭിഗമ്യമായ ഒരു സാധാരണഭാവമായിരുന്നു യേശുവിന്റേത്.




കുഞ്ഞനുജന്മാരേ....കുഞ്ഞനുജത്തിമാരേ,

ഈ കത്ത് എഴുതുമ്പോൾ നിയുക്ത കാതോലിക്കോസ് അഭിവന്ദ്യ കൂറിലോസ് തിരുമേനി ന്യൂയോർക്കിലുണ്ട്. പല പ്രാവശ്യം കുഞ്ഞിപ്പായൻ അദ്ദേഹത്തെകണ്ടു. സ്നേഹവും വാത്സല്യവും വർഷിച്ചുകൊണ്ട് അദ്ദേഹവും. കൊച്ചി ഭദ്രാസനാധിപൻ അഭിവന്ദ്യ സേവേറിയോസ് തിരുമേനിയും അമേരിക്കയിൽ നടത്തിയ ജൈത്രയാത്രയും ഇവിടെയുള്ള സഭാമക്കൾ മറിക്കലും മറക്കില്ല.

അഭിവന്ദ്യ പോളിക്കാർപ്പോസ് തിരുമേനി കാലം ചെയ്ത വിവരം അറിഞ്ഞപ്പോൾ കൂറിലോസ് തിരുമേനി ഹൃദയസ്പർശകമായ ഒരു പ്രസംഗം ചെയ്തു. രക്തസാക്ഷിയായ പോളിക്കാർപ്പോസിന്റെ നാമം ധരിച്ചിരുന്ന അഭിവന്ദ്യ പിതാവിനെ നമ്മുടെ പ്രാർത്ഥനകളിൽ സ്മരിക്കാം. പാത്രീയർക്കീസുകക്ഷിക്കു ഭൂരിപക്ഷമുള്ളസ്ഥലങ്ങളിൽ പരിശുദ്ധ കാതോലിക്കാസിംഹാസനത്തിന്റെ പതാക ഉയർത്തിപ്പിടിച്ച വിശ്വാസവീരനായിരുന്നു പോളിക്കാർപ്പോസ് തിരുമേനി.



മലങ്കരസഭയുടെ സ്വാതന്ത്ര്യ ശില്പിയായ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപെരുന്നാൾ ഫെബ്രുവരി 23–ാം തീയതി നാം കൊണ്ടാടുന്നു. 1934 ഫെബ്രുവരി 23-ാം തീയതി വെള്ളിയാഴ്ച പകൽ കൃത്യം പന്ത്രണ്ടുമണിക്ക് അദ്ദേഹം ശാരീരികമായി നമ്മെ വിട്ടുപിരിഞ്ഞുപോയി.

അരുമരക്ഷകനായ യേശുനാഥന്റെ ക്രൂശാരോഹണദിനം വെള്ളിയാഴ്ചയായിരുന്നതുകൊണ്ട് ആ ദിവസത്തിനു വലിയ പ്രാധാന്യം കൈവന്നു മഹാത്മാക്കളിൽ പലരും അന്തരിച്ചത് വെള്ളിയാഴ്ചയാണ്. എബ്രഹാം ലിങ്കനും മഹാത്മാഗാന്ധിയും ജോൺ എഫ്. കെന്നഡിയും എല്ലാം വെടിയേററുമരിച്ചത് വെള്ളിയാഴ്ചയായിരുന്നു.

ഏററം ചെറിയ മാസമാണെങ്കിലും പല ചരിത്രസംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ള മാസമാണ് ഫെബ്രുവരി.

മലങ്കര സഭാമക്കൾ വട്ടശ്ശേരിൽ തിരുമേനിയെ ആദരിക്കുന്നതുപോലെ, കേരളത്തിലെ നായർ സമുദായം ആദരിക്കുന്ന ഒരു മഹാത്മാവുണ്ട്; മഹാനായ ഭാരതകേസരി മന്നത്തു പത്മനാഭൻ. ഒരു കാലത്ത് പ്രതാപശാലികൾ ആയിരുന്നെങ്കിലും അധഃപതനത്തിലാണ്ടു പൊയ്ക്കൊണ്ടിരുന്ന നായർസമുദായത്തെ സമുദ്ധരിച്ചത് മന്നത്തു പത്മനാഭൻ ആയിരുന്നു. അദ്ദേഹം അന്തരിച്ചത് ഫെബ്രുവരിയിലായിരുന്നു. (1970 ഫെബ്രുവരി 27)

മന്നത്തിന്റെ ജീവചരിത്രം എഴുതിയ ശ്രീ. കെ. വി. ചന്ദ്രശേഖരനും, പ്രൊഫ: എം. എൻ. നായരും ആ മഹാത്മാവിനെ വിശേഷിപ്പിക്കുന്നതു കേൾക്കുക.

''അനാചാരത്തിലും അന്ധവിശ്വാസത്തിലും ആണ്ടുകിടക്കുന്ന നായർ സമുദായത്തെ പടുകുഴിയിൽ നിന്നും കരകയററിയ സമുദായോദ്ധാരകൻ ആയ മന്നത്തു പത്മനാഭൻ–''

മലങ്കരയുടെ വലിയബാവാ എന്നറിയപ്പെടുന്ന കാലം ചെയ്ത പ. ഗീവറുഗീസ് ദ്വിതീയൻ ബാവാതിരുമേനിയെ ആ നായർ സമുദായ നേതാവ് അളവററ് ആദരിച്ചിരുന്നു. പൗരസ്ത്യ മഹർഷീശ്വരൻ ആയ ബാവാതിരുമേനിയും നായർ സമുദായാചാര്യൻ ആയ മന്നത്തു പത്മനാഭനും ഒന്നിച്ചു നിന്നിരുന്ന ചിത്രം വളരെ പ്രസിദ്ധമാണ്. നിങ്ങളിൽ പലരും കണ്ടിരിക്കും.

അമേരിക്കൻ ഐക്യനാടുകളുടെ സ്വാതന്ത്ര്യശില്പിയും ഒന്നാമത്തെ പ്രസിഡണ്ടും ആയ ജോർജ്ജ് വാഷിംഗ്ടൺ ജനിച്ചത് 1732 ഫെബ്രുവരി 22–ാം തീയതിയായിരുന്നു. അടിമകളുടെ വിമോചകൻ എന്നറിയപ്പെടുന്ന മഹാനായ എബ്രഹാം ലിങ്കൺ 1809 ഫെബ്രുവരി 12–ാം തീയതിയാണ് ജനിച്ചത് ഈ രണ്ടു മഹാത്മാക്കളുടെ ജനനം കൊണ്ട് ഫെബ്രുവരി അമേരിക്കക്കാർക്ക് പ്രിയപ്പെട്ട മാസമായിരിക്കുന്നു.

ഫറവോന്റെ അടിമനുകത്തിൽ നിന്നും മലങ്കരസഭാമക്കളെ മോചിപ്പിച്ച ആധുനികമോശയായിരുന്നു വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനി. ആ പുണ്യപുരുഷന്റെ നാമം കേൾക്കുമ്പോൾതന്നെ അഭിമാനവും സ്വാതന്ത്ര്യബോധവും കൊണ്ട് നമ്മുടെ ശിരസ് ഉയരുന്നു. പ. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതം ആയ ഈ സ്വതന്ത്രസഭയെ അടക്കിഭരിക്കാൻ പല വിദേശ സഭാദ്ധ്യക്ഷന്മാരും ആഗ്രഹിച്ചു.

ഒന്നാം മാർത്തോമ്മാ റോമാനുകത്തിൽ നിന്നും നമുക്കു മോചനം നൽകി. കൂനൻ കുരിശു സത്യത്തിന്റെ കഥ നിങ്ങൾക്കറിയാം. അന്ന് ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ, കടവിൽ ചാണ്ടിക്കത്തനാർ, പള്ളിവീട്ടിൽ (പറമ്പിൽ) ചാണ്ടിക്കത്തനാർ തുടങ്ങിയ പുരോഹിതശ്രേഷ്ഠർ ഒന്നാം മാർത്തോമ്മായുടെ പിന്നിൽ ഉരുക്കുകോട്ട പോലെ നിന്ന് മലങ്കരസഭയുടെ സ്വാതന്ത്ര്യം കൂനൻകുരിശുസത്യത്തിലൂടെ വീണ്ടെടുത്തു. പക്ഷെ മെത്രാൻ സ്ഥാനം ലഭിച്ചപ്പോൾ പറമ്പിൽ ചാണ്ടിക്കത്തനാർ റോമാപക്ഷത്തേക്കു ചേർന്നു. പായസത്തിനു വേണ്ടി ജ്യേഷ്ഠാവകാശം വിൽക്കുന്ന ഏശാവുമാർ എവിടെയുമുണ്ട്. സഭയുടെ സ്വാതന്ത്ര്യത്തിന്റെ മഹത്വം അറിയാത്തവർ വിദേശനുകത്തിനു തലകുനിച്ചു കൊടുക്കുന്ന കാഴ്ച ഇപ്പോഴും നാം കാണുന്നു. അവർ കഴുത്തു കുനിച്ചുകൊടക്കുക മാത്രമല്ല നമ്മെയും നുകത്തിൻ കീഴിലാക്കാൻ ശ്രമിക്കുന്നു.

വട്ടശ്ശേരിൽ തിരുമേനിയുടെ വത്സല ശിഷ്യനായിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്ത റോമാനുകത്തിനു തലകുനിച്ചു കൊടുത്തു. മാതൃസഭയെ പരിത്യജിച്ച് മററുപലരും ഈവാനിയോസ് തിരുമേനിയുടെ പിന്നാലെ പോയി.

വേദശാസ്ത്ര പാരംഗതൻ, ഭരണതന്ത്രജ്ഞൻ എന്നീ നിലകളിൽ വട്ടശ്ശേരിൽ തിരുമേനി അത്യുന്നതനായിരുന്നു. മലങ്കരസഭാ മാതാവിന് അദ്ദേഹം അർപ്പിച്ച തിരുമുൽക്കാഴ്ചയായിരുന്നു ''മതോപദേശസാരങ്ങൾ'' എന്ന വിശിഷ്ട ഗ്രന്ഥം.

സഭയുടെ സ്വാതന്ത്ര്യ ശില്പി, വേദശാസ്ത്രജ്ഞൻ എന്നതിലെല്ലാം ഉപരിയായി അദ്ദേഹം ഒരു മഹാപരിശുദ്ധൻ ആയിരുന്നു. പരിശുദ്ധനായ പരുമല തിരുമേനിയുടെ വത്സല ശിഷ്യനായിരുന്ന വട്ടശ്ശേരിൽ തിരുമേനിയെയും, പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനിയെയും പരിശുദ്ധന്മാരായി പ്രഖ്യാപിക്കുന്ന പുണ്യദിനത്തിനായി മലങ്കരസഭാമക്കൾ കാത്തിരിക്കുന്നു. പ്രഖ്യാപിക്കപ്പെടാത്ത നിരവധി പരിശുദ്ധന്മാർ മലങ്കര സഭാചരിത്രത്തിലുണ്ട് റോമൻ കത്തോലിക്കാസഭയിലെന്നതു പോലെ നമ്മുടെ സഭയിൽ പരിശുദ്ധന്മാരായി പ്രഖ്യാപിക്കുക എന്നത് സാധാരണമല്ല. അങ്ങനെയെങ്കിൽ പരിശുദ്ധന്മാരുടെ നിരയിൽ സ്ഥാനം ലഭിക്കത്തക്കവിധം പുണ്യജീവിതം നയിച്ചിട്ടുള്ള പലരും മലങ്കരസഭയിൽ ഉണ്ടായിട്ടുണ്ട്. അവരിൽ വൈദികരും അത്മായക്കാരുമുണ്ട്. ആലുവാ

---

'തന്നത്താൻ താഴ്ത്തി വായെ തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു. കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായ് തുറക്കാതിരുന്നു' (യെശ. 53: 7) എന്ന് അന്ന് സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ സംഭവിച്ചതായി പറഞ്ഞിരിക്കുന്നു. പ്രവചനങ്ങൾ നിറവേറിയേ തീരൂ എന്നതുകൊണ്ടാണ് അവ സംഭവിച്ചമട്ടിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് സ്നാപകന്റെ പ്രവചനത്തിലും 'എന്നെക്കാൾ മുമ്പനായിത്തീർന്നു' എന്ന് ഭൂതകാലത്തിൽ പറഞ്ഞിരിക്കുന്നെങ്കിലും എന്നെക്കാൾ മുമ്പനായിത്തീരും എന്ന് അർത്ഥം എടുക്കണം.

എനിക്കുശേഷം പ്രസംഗിക്കുവാൻ വരുന്നവൻ എന്നെക്കാൾ ശ്രേഷ്ഠനായിത്തീരും. എന്തുകൊണ്ടെന്നാൽ അവൻ എന്നെക്കാൾ മുമ്പെ ഉണ്ടായിരുന്നു. ഇപ്രകാരം ഞാൻ പ്രവചിച്ചു പറഞ്ഞത് ആരെക്കുറിച്ചാണോ അവൻ ഇതാ ഇവിടെ നിൽക്കുന്നു' എന്നാണ് വാക്യത്തിന്റെ അർത്ഥം.

–o–

യൂ. സി. കോളേജിന്റെ സ്ഥാപകരിൽ പ്രമുഖനായ കെ. സി. ചാക്കോസാർ (മഹാനായ കെ. സി. മാമ്മൻ മാപ്പിളയുടെ സഹോദരൻ) ഒരു വലിയ പ്രാർത്ഥനാ മനുഷ്യൻ ആയിരുന്നു. അടുത്തകാലത്ത് നിത്യസ്വസ്ഥതയിൽ പ്രവേശിച്ച ബഥനി ആശ്രമത്തിലെ യാക്കോബച്ചന്റെ പ്രാർത്ഥനാ ജീവിതം വളരെ പ്രസിദ്ധമാണ്.

സഭാ ചരിത്രത്തിലും വേദശാസ്ത്രത്തിലും ആഴമായ അറിവുണ്ടായിരുന്ന വട്ടശ്ശേരിൽ തിരുമേനി അമ്മയുടെ മാറിൽ അഭയം തേടുന്ന ശിശുവിനെപ്പോലെ യേശുനാഥനിൽ ആശ്രയിച്ചിരുന്നു. പക്ഷെ അദ്ദേഹം കപടഭക്തൻ ആയിരുന്നില്ല. ഏകാന്തതയിൽ ദൈവവുമായി സമയം ചെലവിടുന്നതായിരുന്നു അദ്ദേഹത്തിന്റെ ആനന്ദം.

കപടഭക്തി അദ്ദേഹം അങ്ങേയററം വെറുത്തിരുന്നു. കപടഭക്തരെ പലപ്പോഴും അദ്ദേഹം ശാസിച്ചിട്ടുണ്ട്. ഡോ. സാമുവേൽ ചന്ദനപ്പള്ളി എഴുതിയ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ എന്ന ഗ്രന്ഥത്തെ ആശ്രയിച്ചുകൊണ്ട് ചില കാര്യങ്ങൾ കുറിക്കട്ടെ.

''പ്രാർത്ഥനയെന്നത് ബാല്യത്തിലെ ഉത്സാഹവും യൗവനത്തിലെ ആശ്രയവും വാർദ്ധ്യകത്തിന്റെ സമാധാനവും'' ആകുന്നുവെന്ന തന്റെ ഗുരുനാഥന്റെ—പ. പരുമലതിരുമേനിയുടെ—ഉപദേശം അദ്ദേഹത്തിനു മാർഗ്ഗദീപം ആയിരുന്നു. രഹസ്യ പ്രാർത്ഥനയിൽ ആത്മനിർവൃതിയടഞ്ഞിരുന്ന അദ്ദേഹം കപടഭക്തിയെ വെറുത്തിരുന്നു. തിരുമനസിലേക്ക് ആയുസ്സിൽ ഏററവും വെറുപ്പുള്ള ഏതെങ്കിലും ഒരു സംഗതിയുണ്ടായിരുന്നെങ്കിൽ അതു ഭക്തിവേഷം നടിക്കുന്നതായിരുന്നു. തന്റെ ശിഷ്യരിൽ ഒരാളിൽ കണ്ട ഭക്തിയുടെ ഭാവന തനിക്ക് അശേഷം രുചിക്കാഴികയാൽ അടുത്തുണ്ടായിരുന്ന പട്ടക്കാരനോട് ഇപ്രകാരം കല്പിക്കുകയുണ്ടായി.

'എടോ കത്തനാരച്ച, യഥാർത്ഥത്തിൽ ഭക്തിയുള്ളവൻ അവന്റെ ഭക്തി വെളിപ്പെടുത്താമോ? നേരെ മറിച്ച് മററുള്ളവർ കാണരുതെന്നല്ലായിരിക്കുമോ അവന്റെ വിചാരം' തിരുമനസിലെ രഹസ്യപ്രാർത്ഥനകളും യാമ പ്രാർത്ഥനകളും ഒരിക്കലും മററുള്ളവർ കാണത്തക്കവണ്ണം അവിടുന്നു നടത്തിയിരുന്നില്ല.

മിശിഹാനുകരണം എന്ന പുസ്തകം തിരുമനസുകൊണ്ടു വായിച്ചു ധ്യാനിക്കുക പതിവായിരുന്നു. മുറിയുടെ കതകുകൾ അടച്ചുകൊണ്ടല്ലാതെ അവിടുന്നു ഇതു ചെയ്തിരുന്നില്ല.

തിരുമനസിലെ നിഷ്കപടമായ ഭക്തിയെ വെളിപ്പെടുത്തുന്നതിനാണ് ഈഭാഗം ഉദ്ധരിച്ചത്.

മഹാനായ ദീനബന്ധു സി. എഫ്. ആൻഡ്രൂസ് വട്ടശ്ശേരിൽ തിരുമേനിയെ വളരെയേറെ ആദരിച്ചിരുന്നു. രണ്ടു പ്രാവശ്യം അദ്ദേഹം തിരുമേനിയുടെ മുമ്പാകെ മുട്ടുമടക്കി അനുഗ്രഹം പ്രാപിച്ചകാര്യം ഈ ഗ്രന്ഥത്തിൽ പറയുന്നുണ്ട്.

''നമ്മുടെ കർത്താവ് ഉപയോഗിച്ച ഭാഷയിൽ അവിടുന്ന് എന്നെ അനുഗ്രഹിക്കണം'' എന്ന് അദ്ദേഹം തിരുമേനിയോടപേക്ഷിച്ചു. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചിരുന്ന കാലത്താണ് ഈ സംഭവം നടന്നത്. അഖിലലോക പ്രശസ്തനായ ഒരു ഇംഗ്ളീഷുകാരൻ മലങ്കര മെത്രാപ്പോലീത്തായുടെ മുമ്പിൽ മുട്ടുമടക്കി നിൽക്കുന്ന ചിത്രം ഒന്നു സങ്കല്പിച്ചു നോക്കുക.

മഹാത്മാഗാന്ധി, രവീന്ദ്രനാഥടാഗോർ, സുനിൽ കുമാരരുദ്ര, സാധു സുന്ദരസിംഗ് തുടങ്ങിയ മഹാത്മാക്കളുടെ ഉററമിത്രം ആയിരുന്നു ദീനബന്ധു ആൻഡ്രൂസ്.

വട്ടശ്ശേരിൽ തിരുമേനി മഹാപുരുഷന്മാരാൽ പോലും ആദരിക്കപ്പെട്ടിരുന്നു എന്ന് ഈ സംഭവം തെളിയിക്കുന്നു. തിരുമേനിയെക്കുറിച്ച് എത്ര മാത്രം എഴുതിയാലും കുഞ്ഞിച്ചായനു മതിയാകയില്ല. പക്ഷെ മലങ്കരസഭ മാസികയിൽ അധികം എഴുതാനാവില്ലല്ലോ.

മലങ്കരസഭാഭാസുരൻ, മലങ്കരയുടെ വലിയ മല്പാൻ എന്നീ പേരുകളിൽ പ്രഖ്യാതനായ ആ പുണ്യപിതാവിന്റെ ജീവിതത്തിൽ നിന്നും നമുക്ക് വളരെയേറെ പഠിക്കുവാനുണ്ട്. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയം തേടാം. അടുത്തലക്കത്തിൽ ഒരു കഥയെഴുതാം.

എല്ലാനല്ല ആശംസകളും നേർന്നു കൊണ്ട്.

സ്വന്തം കുഞ്ഞിച്ചായൻ.


CENTURY AGENCY
AMBASSADOR CORPORATION
753 FRANKLIN AVENUE,
FRANKLIN SQUIRE, NEW YORK-11010.
Phone: 516-872-2100

We are original builders of Parish Real Estate

Contact us for fast and profitable

Real Estate Transaction in the U·S·A·

Mortgage Money Available in any amount to all qualified buyers.

E. I. Abraham Omallur, M·B·A; G·R·I.




## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



Kallingal Pathrose Mathai

# മരിച്ചവർക്കുവേണ്ടി എന്തിനു നാം പ്രാർത്ഥിക്കുന്നു

[മലങ്കരസഭാഭാസുരൻ വട്ടശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സകല മരിച്ചവരുടെയും ഓർമ്മ കഴിക്കുന്ന ഞായറാഴ്ച തിരുവനന്തപുരം സെ. ജോർജ് പള്ളിയിൽവച്ചു ചെയ്ത പ്രസംഗം.]

**കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ!**

നമ്മുടെ കർത്താവിന്റെ വാത്സല്യശിഷ്യനായിരുന്ന യോഹന്നാന്റെ ജീവിതം എപ്ഫേസൂസിൽ ആയിരുന്നു. അദ്ദേഹം അവിടുത്തെ പ്രധാന മേൽപ്പട്ടക്കാരനായിരുന്നു. കർത്താവിന്റെ എല്ലാം ശിഷ്യന്മാരേക്കാളും ദീർഘകാലം ജീവിച്ചിരുന്നു സ്വാഭാവിക മരണം പ്രാപിച്ച ഒരാളായിരുന്നു യോഹന്നാൻ. നമ്മുടെ കർത്താവു മരിക്കുമ്പോൾ യോഹന്നാൻ തീരെ ചെറുപ്പമായിരുന്നു. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം വി. യോഹന്നാൻ ശ്ലീഹാ അനേകം സ്ഥലങ്ങളിൽ സഞ്ചരിച്ചു നമ്മുടെ കർത്താവിനെക്കുറിച്ചു പ്രസംഗിച്ചുപോന്നു. എന്നാൽ അദ്ദേഹം വയസനായപ്പോൾ ഇങ്ങനെ സഞ്ചരിച്ചു പ്രസംഗിക്കുന്നതിനു തനിക്കു പ്രയാസമായിത്തീർന്നു. എങ്കിലും തന്റെ ഗുരുവിനോടുള്ള സ്നേഹാധിക്യത്താൽ — തനിക്കു സഞ്ചരിച്ചു പ്രസംഗിക്കുന്നതിനു സാധിച്ചില്ലെങ്കിലും — തന്റെ ശിഷ്യന്മാരെ (യോഹന്നാനും അനേകം ശിഷ്യന്മാരുണ്ടായിരുന്നു) വിളിച്ച് അവരോട് എപ്പോഴും ഗുണദോഷം പറയുകയും പ്രസംഗിക്കുകയും ചെയ്യുമായിരുന്നു വി. യോഹന്നാൻ ശ്ലീഹായുടെ പ്രധാന പ്രസംഗം എന്താകുന്നുഎന്നുവച്ചാൽ 'മക്കളെ! നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ' എന്നുള്ള തന്റെ ഗുരുവിന്റെ ഉപദേശംതന്നെ ആയിരുന്നു. യോഹന്നാൻ ശ്ലീഹാ സ്നേഹം നിറഞ്ഞവനായിരുന്നു. കർത്താവിനോടുണ്ടായിരുന്ന അദ്ദേഹത്തിന്റെ സ്നേഹം ശക്തിയേറിയതും സ്ഥിരതയുള്ളതും ആയിരുന്നു എന്നു നമുക്കു അറിയാമല്ലൊ. തന്റെ എവൻഗേല്യോനും ലേഖനങ്ങളും വായിച്ചുനോക്കിയാൽ എല്ലായിടത്തും സ്നേഹത്തെപ്പററി ശക്തിയായി പറഞ്ഞിരിക്കുന്നു. തന്റെ എഴുത്തുകളും പ്രസംഗങ്ങളും പ്രവൃത്തികളുമെല്ലാം സ്നേഹം നിറഞ്ഞതും സ്നേഹം തന്നെയുമായിരുന്നു. കർത്താവിന്റെയും ഉപദേശങ്ങളും പ്രസംഗങ്ങളും സ്നേഹത്തെക്കുറിച്ചും അതിനെ അടിസ്ഥാനമാക്കിയും ആയിരുന്നുവല്ലൊ. തന്നെ സ്നേഹിച്ചവനെന്നോ താൻ സ്നേഹിച്ച ശിഷ്യനെന്നോ ആരേക്കുറിച്ചു പറഞ്ഞിരിക്കുന്നുവോ ആ ശിഷ്യന്റെ ഉപദേശവും പഠിപ്പിക്കലും സ്വഭാവവും എല്ലാം താൻ സ്നേഹിക്കുന്ന ആ പരമരക്ഷകനായ ഗുരുവിന്റേതു തന്നെയായിരുന്നു.

കർത്താവിൽ പ്രിയരേ! സകല മരിച്ചുപോയവരുടെയും ഓർമ്മയെ കൊണ്ടാടുന്നതിന് വി. സഭ ഒരു പ്രത്യേക ദിവസത്തെ പ്രധാനമായിട്ടു വേർതിരിച്ചിട്ടുണ്ട്. അത് ഇന്നത്തെ ദിവസം അത്രെ.

> **ഭക്തിവാക്യങ്ങൾ**
>
> **പരിശുദ്ധാത്മാവ്**
>
> 2. 'ആത്മാവ് തന്നെ, ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ, നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു'.
>
> റോമ. 8: 26 c

ഇങ്ങനെ ഓരോന്നിനും നമ്മുടെ സഭയിൽ പ്രത്യേകം ഞായറാഴ്ചകളും പെരുനാളുകളും ഉണ്ട്. സകല മരിച്ചുപോയവരെയും ഓർക്കുന്നതിനു വി. സഭ പ്രത്യേകം ദിവസം വേർതിരിച്ചിട്ടുണ്ടെങ്കിൽ ആ സഭ സ്നേഹം കൊണ്ടു നിറഞ്ഞതായിരിക്കണം. തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടായിരിക്കണം. അപ്പോൾ തമ്മിൽ തമ്മിൽ പ്രാർത്ഥിക്കുകയും ഓർക്കുകയും ചെയ്യും. നാം ഓരോരുത്തരും ദൈവം തമ്പുരാനോട് അവനവനുവേണ്ടി മാത്രമല്ല, മററുള്ളവരുടെ രക്ഷയ്ക്കും നന്മയ്ക്കും വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നവരായിരിക്കണം. വി. പിതാക്കൻമാർ ഈ ദിവസത്തെ പ്രത്യേകം വേർതിരിച്ചു നിശ്ചയിച്ചിരിക്കുന്നത് തങ്ങൾക്കുവേണ്ടിയോ തങ്ങളുടെ സ്വന്തം ആളുകൾക്കുവേണ്ടിയോ മാത്രം പ്രാർത്ഥിക്കുന്നതിനല്ല, പിന്നെയോ അവരുടെ ഹൃദയം എല്ലാവർക്കും വേണ്ടിയുള്ള സ്നേഹംകൊണ്ടു നിറഞ്ഞിരുന്നതിനാൽ സകലരുടെയും രക്ഷയ്ക്കും വീണ്ടെടുപ്പിനും വേണ്ടി എല്ലാ വിശ്വാസികളും മരിച്ചുപോയിട്ടുള്ളവർക്കുവേണ്ടി — പ്രാർത്ഥിക്കുന്നതിനും അമയയാചന കഴിക്കുന്നതിനും ആയി ഈ ദിവസത്തെ പ്രത്യേകം ഏർപ്പെടുത്തി.

നാം എല്ലാവരേയും ഇഹലോകത്തിലും പരലോകത്തിലുമുള്ളവരെയും, സ്നേഹിക്കേണ്ടതും നമ്മുടെ നമസ്ക്കാരങ്ങളിലും കുർബാനകളിലും അവരെ ഓർത്ത് അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതും നമ്മുടെ ഓരോരുത്തരുടേയും കടമയാകുന്നു. നമ്മുടെ പരമരക്ഷിതാവിന്റെ കല്പനയും അതു തന്നെയാണല്ലൊ. ദൈവപുത്രന്റെ സ്വഭാവം നമ്മിലും പകരണം. നാം പകർത്തണം. സകല മരിച്ചുപോയവരുടെയും ജീവനുള്ളവരുടെയും ജീവനും രക്ഷയ്ക്കും വീണ്ടെടുപ്പിനുംവേണ്ടി മിശിഹാതമ്പുരാൻ ഈ ലോകത്തിൽ മനുഷ്യനായി അവതരിക്കുകയും കുരിശുമരണം പ്രാപിക്കുകയും ചെയ്തു. താൻ മററുള്ളവരെ അല്ലാതെ തന്നെത്തന്നെ സ്നേഹിച്ചില്ല. തന്നെ മുഴുവനായി നമുക്കുവേണ്ടി ബലി അർപ്പിച്ചു. സഭ നമ്മെ അപ്രകാരം പഠിപ്പിക്കുകയും ചെയ്യുന്നു. നമുക്കും നമുക്കുള്ളവർക്കും വേണ്ടി മാത്രമല്ല നാം ജീവിക്കേണ്ടത്. ദൈവം ഉദ്ദേശിക്കുന്നതും അങ്ങനെയല്ല. നാം സകലർക്കുംവേണ്ടി ജീവിക്കണമെന്നു മാതൃകയായി താൻ നമുക്കു കാണിച്ചു തന്നിരിക്കുന്നു. ജീവനുള്ളവരെയും മരിച്ചുപോയവരെയും നാം സ്നേഹിക്കണം. കർത്താവു വന്നതും സഭയെ സ്ഥാപിച്ചതും മരിച്ചതും പാതാളത്തിലേക്കു ചെന്നതും എല്ലാം ആദാമിന്റെ സന്തതികളാകുന്ന എല്ലാവരെയും രക്ഷിക്കുന്നതിനായിട്ടാകുന്നു. 'അവർക്കു നിത്യജീവൻ നൽകുന്നതിനും സമൃദ്ധിയായി നൽകുന്നതിനും ഞാൻ വന്നു' എന്നു താൻ തന്നെ കല്പിച്ചിരിക്കുന്നു. വി. കുർബാന സ്ഥാപിച്ചിരിക്കുന്നതും അത് അർപ്പിക്കുന്നതും ജീവനുള്ളവർക്കുവേണ്ടി മാത്രമല്ല, സകല മരിച്ചുപോയവർക്കും — സ്വർഗ്ഗത്തിലും പാതാളത്തിലുമുള്ളവർക്കും — വേണ്ടിയാകുന്നു. പരിശുദ്ധൻമാരുടെയും എവൻഗേലിസ്തൻമാരുടെയും ദീർഘദർശിമാരുടെയും ഓർമ്മയ്ക്കു പ്രത്യേകം പ്രത്യേകം ദിവസങ്ങൾ നിശ്ചയിച്ചിട്ടുണ്ട്, നമ്മുടെ പൂർവീകൻമാരായ സകല മരിച്ചുപോയവർക്കുംവേണ്ടി ഒരു ദിവസം പ്രത്യേകം വേർതിരിച്ചിരിക്കുന്നു; അത് ഇന്നാകുന്നു എന്നു പറഞ്ഞുവല്ലൊ. ചിലർ അവരവരുടെ മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആ ദിവസങ്ങളിൽ കുർബാന ചൊല്ലിക്കുകയും മററും ചെയ്യുന്നുണ്ടായിരിക്കാം. എന്നാൽ അതുമാത്രം പോരാ. നാം സകലർക്കും വേണ്ടി പ്രാർത്ഥിക്കേണ്ടതും എല്ലാവരെയും സ്നേഹിക്കേണ്ടതും ക്രിസ്തീയ ധർമ്മമാകുന്നു. വി. കുർബാനയിൽ ആദ്യപിതാവായ ആദാം മുതൽ ഇതുവരെ മരിച്ചുപോയിട്ടുള്ള സകല ആൽമാക്കൾക്കും വേണ്ടി പ്രാർത്ഥിക്കുന്ന ഒരു ഭാഗമുണ്ട്. ഓരോരുത്തർക്കുംവേണ്ടി പ്രത്യേകവും എല്ലാവർക്കും വേണ്ടി പൊതുവെയും പ്രാർത്ഥിക്കുന്നതിനുള്ള ഭാഗവുമുണ്ട്. ഇതു നമ്മുടെ വി. പിതാക്കൻമാർ എത്ര കാര്യമായിട്ടുതന്നെ ഏർപ്പെടുത്തിയിരിക്കുന്നതാകുന്നു എന്നു നോക്കണം. ഇതു സ്നേഹത്തിന്റെ നിറവിൽ നിന്നുണ്ടായിട്ടുള്ളതാണ്. ആദാമും ആദാമിൽനിന്നുള്ള ഒരൊററ സന്തതിയെങ്കിലും രക്ഷ കണ്ടെത്തപ്പെടാതിരിക്കരുത് എന്നുള്ള വിചാരവും സ്നേഹവുമാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്. മാതാപിതാക്കൻമാർക്കു


## മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന്



ജേക്കബ് കോശി പണിക്കർ

തങ്ങളുടെ മക്കളുടെ മേലുള്ളതും മക്കൾക്കു മാതാപിതാക്കൻമാരുടെ മേലുള്ളതുമായ വിചാരം സുദൃഢമായ സ്നേഹത്തിൽ നിന്നുള്ളതാണ്. തങ്ങളുടെ മക്കൾ എല്ലാവരും നല്ലവരും രക്ഷയ്ക്കും നിത്യജീവനും യോഗ്യൻമാരും ആയിത്തീരണമെന്നുള്ള ആ വിചാരവും ഹൃദയപൂർവമായ സ്നേഹത്തിൽനിന്നാണ് ഉളവാകുന്നത്. മക്കളും മാതാപിതാക്കളെ ആൽമാർത്ഥമായി സ്നേഹിക്കുന്നു. നമ്മിൽ ഓരോരുത്തരിലും വ്യാപരിക്കുന്ന വിചാരവും ഇപ്രകാരമായിരിക്കണം.

ആദാമിന്റെ സകല സന്തതികളും അവസാന ദിവസത്തിൽ ഉയിർത്തെഴുന്നേററു രക്ഷപ്പെട്ട് മഹത്വത്തോടുകൂടി തന്റെ വലത്തുഭാഗത്തു നിന്നു തനിക്കു സ്തുതി പാടണമെന്നുള്ളതത്രെ കർത്താവ് ആഗ്രഹിക്കുന്നത്. അതിനായിട്ടാണ് താൻ വന്നതും. ഈ ആഗ്രഹവും തനിക്കു അവരോടുള്ള കരുണയുടേയും സ്നേഹത്തിന്റേയും നീരുറവയിൽ നിന്നുണ്ടായി. നമ്മുടെ കർത്താവിനു ഒരു ആൽമാവുപോലും നശിച്ചുപോകണമെന്നില്ല. സകലരും തന്റെ മഹത്വംകണ്ടു രക്ഷ പ്രാപിക്കണമെന്നുള്ളതാണ് തന്റെ മനുഷ്യാവതാരംമൂലം താൻ ഉദ്ദേശിച്ചതും നമുക്കു സാധിച്ചുതന്നതും. യഹൂദാസ്ക്കറിയോത്താപോലും തന്റെ രക്ഷയെ കണ്ടെത്തണമെന്നുതന്നെയായിരുന്നു തന്റെ ആഗ്രഹവും പ്രാർത്ഥനയും. ഇപ്രകാരം കരുണനിറഞ്ഞിരിക്കുന്നവനായ മിശിഹാതമ്പുരാന്റെ 'നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ' എന്ന തിരുവചനത്തെ തന്റെ വാൽസല്യ ശിഷ്യനായ യോഹന്നാൻ സ്വീകരിച്ചു പ്രവർത്തിക്കുകയും ഉപദേശിക്കുകയും പഠിപ്പിക്കുകയും എഴുതുകയും ചെയ്തതുപോലെ നാമും അതിനെ ശിരസാവഹിച്ച് തമ്മിൽ തമ്മിൽ സ്നേഹിക്കുന്നവരായിരിക്കണം.

മരിച്ചുപോയിരിക്കുന്നവരും ജീവനോടിരിക്കുന്നവരുമായ വിശ്വാസികൾക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നതെന്തിന്? മേൽപ്പറഞ്ഞവർ എല്ലാവരും നമ്മുടെ കർത്താവിന്റെ തിരുശരീര രക്തങ്ങൾക്ക് പങ്കാളികളാണ്. നാം വി. കുർബാനയിൽ അവരെ സ്നേഹപൂർവം സ്മരിക്കുക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ നാം നമ്മുടെ കർത്താവിന്റെ ബലിയോടു സംബന്ധിക്കപ്പെടുന്നു. തനിക്ക് അതു സന്തോഷമുള്ള ബലിയായിത്തീരുന്നു. നാം നമ്മുടെ കർത്താവിനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. അതു പൂർത്തിയാകണമെങ്കിൽ നാം നമ്മുടെ ശത്രുക്കളെകൂടി സ്നേഹിക്കണം. നമ്മുടെ സ്വന്തപ്പെട്ടവരെയോ സ്നേഹിതൻമാരെയോ സ്നേഹിച്ചാൽപ്പോരാ. ശത്രുക്കളെയും സ്നേഹിക്കണം. അതാണ് സ്നേഹത്തിന്റെ പൂർണ്ണത. കർത്താവു നമ്മുടെ എല്ലാവരുടേയും തലയാണ്. നാം തന്റെ ശരീരമാകുന്ന വി. സഭയുടെ അവയവങ്ങളുമാണ്. തലയെ സ്നേഹിക്കുകയും അവയവങ്ങളെ സ്നേഹിക്കാതിരിക്കുകയും ചെയ്യുവാൻ കഴിയുമോ? തലയെ സ്നേഹിക്കാത്തവൻ ഒന്നിനെയും സ്നേഹിക്കുന്നില്ല. സൃഷ്ടിതന്നെ എങ്ങിനെയാണെന്ന് നോക്കുക. ഒന്നാമതായി ആദാമിനെ മണ്ണുകൊണ്ടു സൃഷ്ടിച്ചു. പിന്നീടു മണ്ണുകൊണ്ടു സൃഷ്ടിക്കുകയല്ല ചെയ്തത്. പിന്നെയോ ആദാമിൽനിന്നും ഹവ്വായേയും അവരിൽനിന്നും മനുഷ്യജാതി മുഴുവനേയും സൃഷ്ടിച്ചു. ആദാമും ഹവ്വായും ഒന്നാണ്. ഒരു ജഡം ഒരു രക്തം. അപ്രകാരം തന്നെ അവരുടെ സന്തതികളും.. ഹവ്വായെ പ്രത്യേകമായി സൃഷ്ടിക്കുന്നതിനുമുമ്പ് അവൾ ആദാമിനോടുകൂടി സൃഷ്ടിക്കപ്പെട്ടു. രണ്ടുപേർക്കും ആദാം എന്ന ഒരു പേരു വിളിച്ചു. കാരണം അവർ രണ്ടു സൃഷ്ടിയല്ല. പിന്നെയോ ഒററ സൃഷ്ടി തന്നെ. അവരിൽനിന്നും ജനിക്കുന്നവരും നാം എല്ലാവരും ആദാം — ഒരാൾ — എന്നപോലെ ജീവിക്കണം. ആദാമിൽ നാം എല്ലാവരും ഒന്നായിരിക്കുന്ന പ്രകാരം നമ്മുടെ കർത്താവിലും നാം എല്ലാവരും ഒന്നായിരിക്കുന്നു. സഭാമക്കൾ എല്ലാവരും തന്റെ തിരുശരീരവും രക്തവുംമൂലം തന്നോടു യോജിച്ചിരിക്കുകയാണ്. നാം നമ്മുടെ സഹോദരനോടു ചെയ്യുന്നത് എന്തും നമ്മുടെ കർത്താവിനോടു ചെയ്യുന്നു എന്നു താൻ നമ്മെ പഠിപ്പിച്ചിരിക്കുന്നു. നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി കർത്താവിനെപ്രതി എന്തു സഹിക്കേണ്ടിവന്നാലും നമ്മുടെ രക്തം ചിന്തേണ്ടിവന്നാലും നാം അതു ചെയ്യണം. അതുതന്നെയാണ് നമ്മുടെ കർത്താവും വി. സഭയും പഠിപ്പിക്കുന്നത്. സ്നേഹത്തെ ഈ വിധത്തിൽ നമുക്കു വെളിപ്പെടുത്തി നമ്മെ പഠിപ്പിച്ചിരിക്കെ നാം ഇപ്പോഴും പ്രവർത്തിക്കുന്നത് ഏതു വിധത്തിലാണ്? സർവത്ര തമ്മിൽ തമ്മിൽ വൈരാഗ്യവും ശത്രുതയും തൻകാര്യപ്രവർത്തിയും തന്നെ. ആരോടാണ്, നമ്മുടെ കർത്താവിനോടു തന്നെയല്ലയോ? സഭയുടെ ക്ഷേമത്തിനും കർത്താവിലുള്ള യോജിപ്പിനും വേണ്ടി നാം തമ്മിൽ തമ്മിൽ സ്നേഹിക്കുന്നവരും പ്രാർത്ഥനാജീവിതം നയിക്കുന്നവരും ആയിരിക്കണം. നമ്മുടെ തോൽവികളിൽ കർത്താവിൽ സന്തോഷിപ്പാനും വിജയങ്ങളിൽ തന്റെ തിരുനാമത്തിനു മഹത്വം കൊടുപ്പാനും നാം ഒരുക്കമുള്ളവരായിരിക്കണം.

ഇന്ന് എല്ലാ മരിച്ചുപോയവരേയും ഓർക്കുന്ന ദിവസമാണല്ലോ. ആദാം മുതൽ മരിച്ചുപോയിട്ടുള്ള എല്ലാവരേയും ഓർത്ത് അവർക്കുവേണ്ടി പ്രാർത്ഥിക്കണം. അങ്ങനെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെങ്കിൽ സ്നേഹമുണ്ടായിരിക്കണം. ശത്രുക്കളെകൂടി സ്നേഹിക്കണം, അവർക്കു വേണ്ടിയും പ്രാർത്ഥിക്കണം. നമ്മുടെ കർത്താവിന്റെ കല്പനയും തന്റെ വാൽസല്യശിഷ്യനായ വി. യോഹന്നാന്റെ പഠിപ്പിക്കലും അതു തന്നെയാണ്. സ്നേഹത്തിൽ എല്ലാവരും ഒന്നായി ഐക്യതയിൽ വസിക്കുന്നതിനു ദൈവം സംഗതിയാക്കട്ടെ.

—o—

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



Fr. Mangattu & Family. James A. C. Varughese, Kadampanad.



രോഗശാന്തിക്ക്—തങ്കമ്മ, ആറാട്ടുപുഴ. Jasil James.



Thomas Philip. Soly Kurian Molly, Mannar.



Shaji Jacob Kurian. S. Podikunju, Bhilai.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണക്ക്



നൈനൻ എബ്രഹാം    സൂസൻ വറുഗീസ്.



Benny    M. O. Thomas & Family.    ജയിംസ്, പൂന്തുരുത്തിൽ.



വൽസൻ, പൂന്തുരുത്തിൽ



ചാക്കോ, നാഗാലാൻഡ്

# ബോംബെ പള്ളികൂദാശ

## പ. കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു

55 ലക്ഷം രൂപാ ചെലവുചെയ്ത് ബോംബെയിലെ ദാദറിൽ അതിമനോഹരമായി പണിതുയർത്തിയ സെ. മേരീസ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ ജനുവരി 10, 11 തീയതികളിൽ നിർവഹിച്ചു. ഇടവക മെത്രാപ്പോലീത്താ പീലിപ്പോസ് മാർ തേയോഫിലോസ്, സ്തേഫാനോസ് മാർ തേവോദോസിയോസ്, തോമസ് മാർ അത്തനാസിയോസ്, പൗലോസ് മാർ മിലിത്തിയോസ് എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു. വെരി. റവ. സി. റ്റി. ഐസക്ക് റമ്പാനും കെ. സി. ഉമ്മൻ കോർ എപ്പിസ്കോപ്പായും അനേക വൈദികരും കൂദാശയിൽ സംബന്ധിച്ചു. 11–ാം തീയതി ശനിയാഴ്ച വൈകിട്ട് ത്രോണോസിന്റെ കല്ലിടിൽ കർമ്മവും തുടർന്ന് പള്ളിക്കൂദാശയുടെ ഒന്നാം ഭാഗവും നടത്തി. കൂദാശയ്ക്കു മുമ്പ് വികാരി സി. സി. ഗീവറുഗീസ് കത്തനാർ പള്ളിയുടെ താക്കോൽ ഔപചാരികമായി പ. ബാവാ തിരുമേനിയെ ഏല്പിച്ചു.

11–ാം തീയതി ഞായറാഴ്ച രാവിലെ 7–30–ന് കൂദാശയുടെ രണ്ടാം ഭാഗം ആരംഭിച്ചു. എല്ലാ മേല്പട്ടക്കാരും വൈദികരും അംശവസ്ത്രങ്ങൾ ധരിച്ച് കൂദാശയിൽ പങ്കെടുത്തു. തുടർന്ന് അഭിവന്ദ്യ തേയോഫിലോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായും മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായും ചേർന്ന് വി. മൂന്നിന്മേൽ കുർബാന അർപ്പിച്ചു. കുർബാനയ്ക്കു ശേഷം ആശീർവാദവും നേർച്ച വിളമ്പും നടന്നു. 4000 പേരോളം കൂദാശയിൽ ബോംബെയുടെ പല ഭാഗങ്ങളിൽ നിന്നായി വന്ന് സംബന്ധിച്ചു. പള്ളിയോടു ചേർന്ന് നിർമ്മിച്ച പന്തലിൽ ടെലിവിഷൻ ക്രമീകരിച്ചിരുന്നതിനാൽ ഏവർക്കും ശുശ്രൂഷ കാണുന്നതിന് സൗകര്യമായിരുന്നു.

വൈകിട്ട് 6 മണിക്ക് ചേർന്ന പൊതുസമ്മേളനത്തിൽ പ: ബാവാ തിരുമനസുകൊണ്ട് അദ്ധ്യക്ഷത വഹിച്ചു. മഹാരാഷ്ട്രാ ഗവർണ്ണർ ശ്രീ. ശങ്കർ ദയാൽ ശർമ്മ സമ്മേളനം ഉൽഘാടനം ചെയ്തു. കേന്ദ്രമന്ത്രി എം. എം. ജേക്കബ്, സി. എൻ. ഐ. ബിഷപ് ശമുവേൽ ജോഷ്വാ റോമൻ കത്തോലിക്കാ സഭയെ പ്രതിനിധീകരിച്ച് ഫാ. ഓസിയൊ ഗ്രേഷ്യസ്, ബോംബെ മുൻ വൈസ്ചാൻസിലർ തോപ്പെ എന്നിവരും അഭിവന്ദ്യരായ തേവോദോസിയോസ്, അത്താനാസിയോസ് എന്നീ തിരുമേനിമാരും ആശംസാപ്രസംഗം നടത്തി. ഇടവക മെത്രാപ്പോലീത്താ സ്വാഗതവും, വികാരി ഫാ. സി. സീ. ഗീവറുഗീസ് കൃതജ്ഞതയും പറഞ്ഞു.

### കുരിശു കൂദാശ

ദാദർപള്ളിയുടെ മുൻവശത്ത് 25000 രൂപയോളം ചെലവു ചെയ്ത് മനോഹരമായി പണിതുയർത്തിയ കുരിശിൻതൊട്ടിയുടെ കൂദാശ 10–ാം തീയതി ശനിയാഴ്ച 4 മണിക്ക് പ. ബാവാ തിരുമേനി മററു തിരുമേനിമാരും ചേർന്ന് നിർവഹിച്ചു.

### വൈദികസമ്മേളനം

ബോംബെയിലുള്ള എല്ലാ വൈദികരുടെയും ഒരു സുഹൃത് സമ്മേളനം 10–ാം തീയതി ശനിയാഴ്ച 3 മണിക്ക് ദാദാർ പള്ളിയിൽവച്ചു നടത്തി. പ. ബാവാതിരുമേനി അദ്ധ്യക്ഷത വഹിച്ചു. മററു തിരുമേനിമാരും അതിൽ സംബന്ധിച്ചു. വൈദികരുടെ ചുമതലകളെപ്പററിയും ആത്മീയ ജീവിതത്തെ സംബന്ധിച്ചും ആവശ്യമായ ഉപദേശങ്ങൾ പ. ബാവാ തിരുമനസുകൊണ്ട് നല്കി.

### സ്വീകരണം

9–ാം തീയതി വെള്ളിയാഴ്ച വൈകിട്ട് സാന്താക്രൂസ് വിമാനത്താവളത്തിൽ എത്തിയ പ: ബാവാതിരുമേനിക്കും മററു തിരുമേനിമാർക്കും ഉജ്ജ്വലമായ സ്വീകരണം നല്കി. ഇടവക മെത്രാപ്പോലീത്തായും വികാരിയും മററു ഇടവകകളിലെ വൈദീകരും വ്യക്തികളും തിരുമേനിമാരെ ഹാരാർപ്പണം നടത്തി. കൊടികൾ ഏന്തിയ അനേകം കാറുകളുടെ അകമ്പടിയോടെ പ. ബാവാ തിരുമേനിയേയും മററു തിരുമേനിമാരേയും ദാദർ പള്ളിയിലേക്ക് ആനയിച്ചു. പള്ളിയങ്കണത്തിൽ എത്തിയ തിരുമേനിമാരെ ദീപങ്ങൾ ഏന്തിയ വലിയ ജനസമൂഹം പള്ളിയിലേക്ക് ആനയിച്ചു. വികാരി റവ.

# സഭാ വാർത്തകൾ

## ഓർമ്മപ്പെരുനാൾ കൊണ്ടാടി



സ്ലീബാദാസ സമൂഹാദ്ധ്യക്ഷനായിരുന്ന കാലം ചെയ്ത പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 19ാം ഓർമ്മപ്പെരുനാൾ ഫെബ്രുവരി 1, 2 തീയതികളിൽ അദ്ദേഹം കബറടങ്ങിയിരിക്കുന്ന കണ്ടനാട് കർമ്മേൽ ദയറായിൽ കൊണ്ടാടി.

ഫെബ്രുവരി 1ാം തീയതി വൈകിട്ട് ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സന്ധ്യപ്രാർത്ഥനയെ തുടർന്ന് പ്രസംഗിച്ചു. 2ാം തീയതി തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിക്കപ്പെട്ടു. വി. കുർബാനയെ തുടർന്ന് പ്രദക്ഷിണം, ആശീർവാദം, നേർച്ചവിളമ്പ് മുതലായ ചടങ്ങുകളും ഉണ്ടായിരുന്നു.

## പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഫെബ്രുവരി 23 മുതൽ 28 വരെ

മലങ്കര ഓർത്തഡോക്സ് സഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ഫെബ്രുവരി സെഷൻ ഫെബ്രുവരി 23-ാം തീയതി മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമനസിലെ ഓർമ്മപ്പെരുനാളിനെ തുടർന്ന് 28-ാം തീയതി വരെ കോട്ടയം പഴയ സെമിനാരിയിലെ സോഫിയാ സെന്റർ ചാപ്പലിൽവച്ച് കൂടുന്നതാണ്.

## അഭിനന്ദനാർഹമായ വിജയം

അഖില കേരള ബാലജനസഖ്യം സംസ്ഥാനാടിസ്ഥാനത്തിൽ നടത്തിയ ഡോക്ടർ പി. സി. അലക്സാണ്ടർ എൻഡോവ്മെന്റ് പ്രസംഗമത്സരത്തിൽ ജൂനിയർ വിഭാഗം ഒന്നാം സമ്മാനം മെഴുവേലി ഹോളി ഇന്നസെന്റ് സണ്ടേസ്ക്കൂൾ ആറാം ക്ലാസ് വിദ്യാർത്ഥിനിയായ 13 വയസുള്ള ഗ്ലെൻപ്രിയ ജോൺ കരസ്ഥമാക്കി.

ചെങ്ങന്നൂർ ഭദ്രാസന യുവജന പ്രസ്ഥാനം ജനറൽ സെക്രട്ടറി പി. എം. ജോണിന്റെ പുത്രിയാണ് അനുഗ്രഹീത പ്രസംഗവാസനയുള്ള ഗ്ലെൻപ്രിയ ജോൺ.

ഡോക്ടർ സുകുമാർ അഴിക്കോട്, വൈസ് ചാൻസിലർ ഏ. റ്റി. ദേവസ്യ, മുൻ വിദ്യാഭ്യാസ മന്ത്രി ശ്രീ. പി. പി. ഉമ്മർ കോയ എന്നീ മലയാളത്തിലെ പ്രശസ്തരായ വ്യക്തികളായിരുന്നു പ്രസംഗമത്സരത്തിന്റെ വിധികർത്താക്കൾ.

## ഫാ. ഏ. എം. വർഗീസ്

കുരമ്പാല ആലുമ്മൂട്ടിൽ ഫാ. ഏ. എം. വർഗീസ് ഫെബ്രുവരി 6-ാം തീയതി അമേരിക്കയിലേക്ക് പുറപ്പെട്ടു. ഏതാനും മാസങ്ങൾ ബ. അച്ചൻ അമേരിക്കയിൽ താമസിച്ച് വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്നതാണ്.

## ഗ്രൂപ്പ് സമ്മേളനം

യുവജനപ്രസ്ഥാനം പുതുപ്പള്ളി ഗ്രൂപ്പ് സമ്മേളനം ജനുവരി 10-ാം തീയതി മീനടം സെന്റ് തോമസ് പള്ളിയിൽ വച്ച് നടന്നു. റവ. സഖറിയാസ് പെരിയോർമററത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫാ. തോമസ് വറുഗീസ്, കെ. കെ. കരുവിള, ഭദ്രാസന സെക്രട്ടറി പി. എസ്. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. ഏബ്രഹാം ചേററിൽ സ്വാഗതവും ഗ്രൂപ്പ് ഓർഗനൈസർ ബാബു സഖറിയാ കൃതജ്ഞതയും പറഞ്ഞു.

## മണർകാട് ഗ്രൂപ്പ്

യുവജനപ്രസ്ഥാനം മണർകാട് ഗ്രൂപ്പ് സമ്മേളനം വടക്കൻമണ്ണൂർ സെന്റ് തോമസ് പള്ളിയിൽ വച്ച് നടന്നു. ഫാ. പത്രോസ് I. C ബൈബിൾ ക്ലാസ് എടുത്തു. സീക്കൻ. കുര്യൻ ഉതുപ്പ് ക്വിസ് നടത്തി. തുടർന്ന് ഗ്രൂപ്പ് പ്രസിഡന്റ് ഫാ. ഓ. റ്റി. കുറിയാക്കോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെരി. റവ. എം. ഇ. ഈപ്പൻ കോർഎപ്പിസ്ക്കോപ്പാ, കെ. കെ. കരുവിള, ഭദ്രാസന സെക്രട്ടറി പി. എസ്. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

## മദ്യവർജ്ജന ധാർമ്മികോന്നമന സമിതി

1987 ജനവരി 14-ാം തീയതി മുതൽ 23-ാം തീയതി വരെ മലങ്കര ഓർത്തഡോക്സ് സഭയിലെ മദ്യവർജ്ജന ധാർമ്മികോന്നമന സമിതി പ്രവർത്തകർ, പ്രസിഡന്റ് അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ നേതൃത്വത്തിൽ, പാമ്പാടി, തെക്കൻ പാമ്പാടി, തോട്ടയ്ക്കാട്, വാഴൂർ കുണ്ടറ, പുത്തൻകാവ്, തുമ്പമൺ, പത്തനംതിട്ട, കിഴവള്ളൂർ, അട്ടച്ചാക്കൽ, വെണ്ണിക്കുളം, പുതുശ്ശേരി, കുണ്ടറ തുടങ്ങിയ ഹൈസ്ക്കൂളുകളും മീനടം നോർത്ത്, മീനടം സൗത്ത്, പുത്തൻകാവ് ചാത്തന്നൂർ, വെള്ളാറ, മേമല തുടങ്ങിയ അപ്പർ പ്രൈമറി സ്ക്കൂളുകളും പത്തനംതിട്ട കാതോലിക്കേററ് കോളജും സന്ദർശിച്ചു, പുകവലി, മയക്കുമരുന്ന്, മദ്യപാനം എന്നിവയുടെ ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെപ്പറ്റിയും അവയെ വിദ്യാർത്ഥിസമൂഹം എങ്ങനെ നേരിടണം എന്നതിനെക്കുറിച്ചും ചിത്രങ്ങൾ മുഖേന ക്ലാസുകൾ എടുത്തു. കട്ടികളിൽ കടന്നു കൂടാവുന്ന ഈ വക ദുശ്ശീലങ്ങളെ ഒഴിവാക്കാനുള്ള ഈ ഉദ്യമത്തിൽ എല്ലാവരുടെയും ഹാർദ്ദവമായ സ്വീകരണങ്ങളാണ് പ്രവർത്തകർക്ക് ലഭിച്ചത്.

ഇതിനു പുറമെ കൊട്ടാരക്കര കൺവൻഷനിലും ഇതേപ്പററി ക്ലാസെടുക്കുകയും സമിതിയുടെ ഒരു യൂണിററ് അവിടെ രൂപികരിക്കുകയും ചെയ്തു.

ഫെബ്രുവരി 5 മുതൽ 13 വരെ സന്ദർശന പരിപാടികൾ മററു സ്ക്കൂളുകളിലും കോളേജുകളിലും തുടരുന്നതായിരിക്കും. അതിനു ശേഷം ആരെങ്കിലും അറയിച്ചാൽ പ്രവർത്തകർ അവിടെ സന്ദർശിക്കുന്നതായിരിക്കും.

എന്ന് സി. യു. മാത്യൂ (സെക്രട്ടറി)
സണ്ടേസ്ക്കൂൾ ഓഫീസ്
ദേവലോകം, കോട്ടയം—38

## മേഖലാ സമ്മേളനം

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഹൈസ്ക്കൂൾ കോളജ് വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള തണ്ണിത്തോടു മേഖലാ സമ്മേളനം തണ്ണിത്തോടു സെന്റ് ആന്റണീസ് പള്ളിയിൽ 18ാം തീയതി ഞായറാഴ്ച നടത്തി. രാവിലെ റവ. ഡോ. വി. സി. ശാമുവേൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് 'വി. കുർബാന ഒരു പഠനം' എന്ന വിഷയത്തെക്കുറിച്ച് ബ. അച്ചൻ ക്ലാസെടുത്തു 3 മണിക്കു നടന്ന സമാപന സമ്മേളനത്തിൽ ഫാ. പി. എ. ശാമുവേൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. വി.സി. ശാമുവേൽ സമ്മേളനം ഉത്ഘാടനം ചെയ്തു. ഡി. തോമസ് കുര്യൻ, തോമസ് പോൾ, റജി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. വികാരി ഫാ. ജോൺ സ്വാഗതവും യൂണിററ് സെക്രട്ടറി സജി കൃതജ്ഞതയും പറഞ്ഞു. കട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. ഹൈസ്ക്കൂൾ കോളജ് വിഭാഗത്തിൽപ്പെട്ട ഏതാണ്ട് 250 കട്ടികളോളം സമ്മേളനത്തിൽ പങ്കെടുത്തു.

---

ഫാ. സി. സി. ഗീവറുഗീസ് അസി. വികാരി ഫാ. പൗലോസ് ആദായി എന്നിവർ കത്തിച്ച മെഴുകുതിരി കൊടുത്ത് പ. ബാവാതിരുമേനിയെ സ്വീകരിച്ചു. ലുത്തിനിയിക്കു ശേഷം ബാവാ തിരുമനസുകൊണ്ട് ജനങ്ങളെ ആശീർവദിച്ചു. അതിമനോഹരമായ ഈ ദേവാലയം ബോംബെയുടെ യെരുശ്ളേം ആണ് എന്ന് പ: ബാവാതിരുമേനി പ്രസ്താവിച്ചു.

## കോർ എപ്പിസ്ക്കോപ്പാസ്ഥാനം നൽകി

ദാദർ പള്ളി വികാരി ഫാ. സി. സി. ഗീവറുഗീസിന്റെ സേവനങ്ങളെ പരിഗണിച്ച് ഇടവക ജനങ്ങളുടെയും, കമ്മററിയുടെയും, ഇടവക മെത്രാപ്പോലീത്തായുടെയും ശുപാർശ പ്രകാരം അദ്ദേഹത്തിന്, കോർ എപ്പിസ്ക്കോപ്പാസ്ഥാനം നല്കി. 12-ാം തീയതി തിങ്കളാഴ്ച പ: ബാവാ തിരുമനസുകൊണ്ട് പുതിയ ദാദർ പള്ളിയിയിൽ ആദ്യമായി വി. കുർബാന അർപ്പിച്ചു. കുർബാന മദ്ധ്യേ ഇടവക മെത്രാപ്പോലീത്താ മാർ തേയോഫിലസ്, മാർ തേവോദോസിയോസ്, മാർ മിലിത്തിയോസ് എന്നീ തിരുമേനിമാരുടെയും അനേകം വൈദികരുടെയും ജനങ്ങളുടെയും സാന്നിദ്ധ്യത്തിലാണ് ഫാ. ഗീവറുഗീസിന് പ. ബാവാ തിരുമേനി കോർ എപ്പിസ്ക്കോപ്പാസ്ഥാനം നൽകിയത്. ശുശ്രൂഷയ്ക്കുശേഷം ഇടവകക്കാരുടെ സമ്മാനമായി കുരിശും മാലയും മോതിരവും പ. ബാവാതിരുമനസുകൊണ്ട് കോർ എപ്പിസ്ക്കോപ്പായെ അണിയിച്ചു. ഇടവക ജനങ്ങൾ അദ്ദേഹത്തിന് അനുമോദനങ്ങൾ അർപ്പിച്ചു.

## അനുമോദനം

കീക്കൊഴൂർ സെ പീറേറഴ്സ് & സെൻ പോൾസ് ഇടവകാംഗവും ബൊംബെ സെ. മേരീസ് പള്ളിവികാരിയുമായ വെരി റവ. സി. സി. ഗീവറുഗീസ് കോർ എപ്പിസ്ക്കോപ്പായിക്ക് കീക്കൊഴൂർ ഇടവക അനുമോദനം നൽകി. അതു സംബന്ധിച്ചു കൂടിയ മീററിംഗിൽ ഫാ. ജേക്കബ് ഫിലിപ്പോസ്, എം. സി. ഏബ്രഹാം, മിസ് പാലത്തുങ്കൽ എന്നിവർ പ്രസംഗിച്ചു. പി. സി. ജോർജ് ഹാരാർപ്പണം നടത്തി. കോർഎപ്പിസ്ക്കോപ്പാ സമുചിതമായ മറുപടിപറഞ്ഞു

മീറ്റിംഗിൽ പുതിയ വികാരി ഫാ. കെ. എം. കുറിയാക്കോസ് അദ്ധ്യക്ഷത വഹിച്ചു. ജോർജ് എബ്രഹാം, പി. റ്റി. എബ്രഹാം, കെ. സി. തോമസ്, ജോൺ ഈപ്പൻ എന്നിവർ പ്രസംഗിച്ചു. ട്രസ്റ്റി കെ. ജെ. വറുഗീസ് അച്ചനു പണക്കിഴി നൽകി. ബ. അച്ചൻ സമുചിതമായ മറുപടി പറഞ്ഞു. സമ്മേളനത്തിൽ പുതിയ വികാരിയ്ക്കു സ്വീകരണവും നൽകി.

## യുവജനപ്രസ്ഥാന വാർഷികം

ചെങ്ങന്നൂർ ഭദ്രാസനത്തിലെ യുവജനസമാജ വാർഷികം ജനുവരി 24, 25 തീയതികളിൽ മെഴുവേലി ഹോളി ഇന്നസൻറ് പള്ളി ഓഡിറ്റോറിയത്തിൽവച്ച് നടത്തി. വികാരി ഫാ. സി. ജെ. ജോർജ് നേതൃത്വം നൽകി. 24–ാം തീയതി ഫാ. കെ. ജി. ജോർജ് പതാക ഉയർത്തി. സമ്മേളനം 10 മണിക്ക് വെ. റവ. റ്റി. സി. ജോൺ കോറെപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവച്ച് ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസ്യോസ് തിരുമേനി ഉത്ഘാടനംചെയ്തു. ശ്രീ. ജോർജ് ഫിലിപ്പ് പ്രസംഗിച്ചു. 11 മണിക്ക് ഡീക്കൻ ഓ.പി. വർഗീസ് ക്ളാസെടുത്തു. ഉച്ചകഴിഞ്ഞു ചേർന്ന ഭദ്രാസന അസംബ്ളിയിൽ അത്താനാസ്യോസ് തിരുമേനി ആദ്ധ്യക്ഷം വഹിച്ചു. എം. എം. ഫിലിപ്പു പ്രസംഗിച്ചു. 25–ാം തീയതി ഞായറാഴ്ച വി. കുർബാനയെ തുടർന്ന് ഫാ. ഏ. എം. വർഗീസിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന രക്തദാന അസോസ്യേഷൻെറ മീറ്റിംഗിൽ തോമസ് കുതിരവട്ടം എം. പി., ഡോ. കെ. സി. സാമുവേൽ, ഡോ. സി. റ്റി. വർഗീസ്, ഡോ. ജോയിസ് മാമ്മൻ എന്നിവർ പ്രസംഗിച്ചു.

ഉച്ചകഴിഞ്ഞു മാർ അത്താനാസ്യോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ സമാപനസമ്മേളനം നടന്നു. വി. വി. ഫിലിപ്പ്, ഡോ. ശമുവേൽ ചന്ദനപ്പള്ളി, ഫാ. ഒ. തോമസ് എന്നിവർ പ്രസംഗിച്ചു. ഭദ്രാസനസമാജം സെക്രട്ടറി ശ്രീ. പി. എം. ജോൺ സ്വാഗതവും, ശ്രീ. പി. വി. മാത്യു കൃതജ്ഞതയും പറഞ്ഞു.

യോഗത്തിൽ ഡോ. പി. സി. അലക്സാണ്ടർ എൻഡോവ്മെൻറ് പ്രസംഗമത്സരത്തിൽ വിജയികളായ കുമാരി ഗ്ളെൻപ്രിയ ജോൺ, കുമാരി റോസമ്മ ഫിലിപ്പ് എന്നിവരെ അനുമോദിച്ചുകൊണ്ട് സണ്ടേസ്ക്കൂൾ ഡയറക്ടർ ശ്രീ. ടി. ജോൺ മാത്യു പ്രസംഗിച്ചു. അനുമോദനങ്ങൾക്ക് മിസ്. ജോണും, മിസ്. ഫിലിപ്പും മറുപടി പറഞ്ഞു.

## സണ്ടേസ്ക്കൂൾ വാർഷികം

മലങ്കരസഭയിലെ ഏറ്റവും അധികം കുട്ടികൾ പഠിക്കുന്ന പഴഞ്ഞി സെ. മേരീസ് സണ്ടേസ്ക്കൂളിൻെറ 116–ാം വാർഷികവും സമ്മാനദാനവും റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. റ്റി. വി. വർഗീസിൻെറ അദ്ധ്യക്ഷതയിൽ സണ്ടേസ്ക്കൂൾ ഹാളിൽവച്ച് നടന്നു.

## പള്ളികൂദാശ

പുതുക്കി പണികഴിപ്പിച്ച നരിയാപുരം ഇമ്മാനുവേൽ ഓർത്തഡോക്സ് പള്ളിയുടെ കൂദാശയും പള്ളിസ്ഥാപന സുവർണ്ണജൂബിലിയും ജനുവരി 28, 29, 30 തീയതികളിൽ ആഘോഷപൂർവ്വം നടത്തപ്പെട്ടു. 28–ാം തീയതി മാതൃ ഇടവകയായ തുമ്പമൺ സെ. മേരീസ് കത്തീഡ്രലിൽനിന്ന് ദീപശിഖ കൊണ്ടുവന്ന് പള്ളിയുടെ നിലവിളക്കിൽ കൊളുത്തി. 5.30ന് എത്തിയ അഭിവന്ദ്യ തിരുമേനിമാരെ ആഘോഷപൂർവ്വം സ്വീകരിച്ച് പള്ളിയിലേക്കാനയിച്ചു. തുടർന്ന് സന്ധ്യാനമസ്ക്കാരവും പള്ളികൂദാശയുടെ ഒന്നാംഭാഗവും തിരുമേനിമാർ നിർവ്വഹിച്ചു. 29–ാം തീയതി പ. കാതോലിക്കാബാവായുടെ പ്രധാന കാർമ്മികത്വത്തിൽ പള്ളികൂദാശ പൂർത്തിയാക്കിയശേഷം അഭിവന്ദ്യ തിരുമേനിമാരുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നുമ്മേൽ കുർബാന നടന്നു.

ഉച്ചകഴിഞ്ഞു ചേർന്ന ജൂബിലി സമ്മേളനത്തിൽ പ. ബാവാ അദ്ധ്യക്ഷം വഹിച്ചു. മാർ പീലക്സിനോസ്, മാർ പക്കോമിയോസ്, മാർ യൗസേബിയോസ്, എന്നി തിരുമേനിമാരും തോമസ് കുതിരവട്ടം എം. പി, കെ.എം. മാത്യു, കെ. കെ. നായർ (എം.എൽ.ഏ.), ഡോ. കേശവൻ നമ്പൂതിരി, സഭാസെക്രട്ടറി പോാം മത്തായി, ഫാ. ജേക്കബ്, പി. ജെ. തോമസ്, വി.വി. ഫിലിപ്പ് എന്നിവരും ആശംസാപ്രസംഗങ്ങൾ നടത്തി. ജൂബിലി സ്മാരകമായി ഒരു സാധുകുടുംബത്തിന് പണിതുകൊടുത്ത വീടിൻെറ താക്കോൽദാനം പ. ബാവാ നിർവഹിച്ചു. 30–ാംതീയതി പള്ളിപെരുനാളും ആഘോഷമായികൊണ്ടാടി.

## ഓർത്തഡോക്സ് വിശ്വാസം സ്വീകരിച്ചു

1986 ഡിസംബർ 15–ാം തീയതി പെന്തക്കോസ്ത് വിഭാഗത്തിൽനിന്നും ഒരു കുടുംബം സത്യവിശ്വാസം സ്വീകരിച്ച് പുനലൂർ വാളക്കോട് സെ. ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ചേർന്നു. പറവത്തൂർ കല്ലറക്കൽ ശ്രീ. എം. ഡാനിയൽ, ഭാര്യ ശ്രീമതി തങ്കമ്മ ഡാനിയൽ, മക്കൾ പോളിമറിയം ഡാനിയൽ, റോണി ജോസഫ് ഡാനിയൽ എന്നിവരാണ് പ. ഓർത്തഡോക്സ് സഭയുടെ അംഗത്വം സ്വീകരിച്ചത്. വികാരി ഫാദർ ജെ. വർഗീസ് കായംകുളവും ഇടവക മാനേജിംഗ് കമ്മറ്റി അംഗം ചേരിക്കപ്പെടവിൽ എസ്. തോമസും ഇവരുടെ സത്യവിശ്വാസ സ്വീകരണത്തിന് ആൽമാർത്ഥമായി പ്രവർത്തിക്കുകയുണ്ടായി.

തുളസീഭവനത്തിൽ ശ്രീ. കൃഷ്ണപിള്ളയുടെ മകൻ മുരളീധരൻ നായരും പനമണ്ണ് റാണിഭവനത്തിൽ ശ്രീ. പത്മനാഭപിള്ളയുടെ മകൾ ലീലയും ഹൈന്ദവ സമുദായത്തിൽനിന്ന് ഈ ഇടവകയിൽ ചേർന്നിട്ടുണ്ട്.



# ബൈബിൾ പഠനം

ഡീ. എം. സി. ചെറിയാൻ

**പാഠം 52**

**കൊലൊസ്യർ**

വിജയിയുടെ പേരും വിലാസവും

പേര്. ഗീവറുഗീസ് അച്ചൻകുഞ്ഞ് തോമസ്

വിലാസം. D' Costa Bldg. Room No. 2 Manyvilla Manikpur Road, Thana.

ഭദ്രാസനം. Bombay.

**പാഠം 55**

**1 തിമൊഥിയോസ്**

പ്രവേശനഫാറം

പേര് ..............................................

വിലാസം..............................................

ഭദ്രാസനം ..............................................

രജി: നമ്പർ.....................

### പാഠം 52 കൊലൊസ്യർ

### ശരിയായ ഉത്തരം

1. 3
2. 95
3. 2 (1: 1)
4. 4 (1: 10--13)
5. 3 (1: 20; 2: 14, 15)
6. 5 (3: 5)
7. 5 (2: 1, 4: 13, 15, 16, 16)
8. 10 (4: 7, 9, 10, 11, 12, 14, 15; 10, 10, 14)
9. 5 (1: 4, 9; 4: 2, 4; 12)
10. 6 (1: 4, 8, 13; 2: 2; 3: 14, 19)
11. 67

### 11 ഉത്തരങ്ങളും ശരിയായി അയച്ചുതന്നവർ

1. ജയമ്മ ജോർജ്, പാറ്റ്ന.
2. ഗ്രേസ് പി. മാത്യു, കല്ലിശേരി.
3. മേരി മാത്യു, പുതിയകാവ്.
4. മിസിസ് ബേബി യോഹന്നാൻ, വിരാവൽ.
5. പി. സി. ചെറിയാൻ, ദുർഗ്ഗ്.
6. മേഴ്സി ചെറിയാൻ, റെണുക്കൂട്.
7. ഗീവറുഗീസ് അച്ചൻകുഞ്ഞ് തോമസ്,

ബോംബെ

പാഠം 52–ൻെറ ഉത്തരവും ശരിയായി ഉത്തരം അയച്ചുതന്നവരുടെ പേരുകളും മുകളിൽ ചേർത്തിരിക്കുന്നു. സമ്മാനാർഹനായ വ്യക്തി രജി. നമ്പർ അയച്ചുതന്നിട്ടില്ല. രജി. നമ്പർ അയച്ചുതന്നാൽ മാത്രമെ സമ്മാനത്തിനർഹനാവു. ഒരുപക്ഷെ നിങ്ങളുടെ പേരിലല്ലായിരിക്കാം മാസിക. ഒരു വീട്ടിൽ ഒരു മാസിക മതി. ആ മാസികയുടെ രജി. നമ്പരാണ് വേണ്ടത്. രജി. നമ്പർ സംബന്ധിച്ച് പലപ്രാവശ്യം മാസികയിലൂടെ എഴുതിയിട്ടുള്ളതാണ്. പുതുതായി ബൈബിൾ പഠനത്തിൽ ചേരുന്നവരുടെ അറിവിലേക്കാണിതെഴുതുന്നത്. നിങ്ങൾക്കു വരുന്ന മാസികയിലെ വിലാസത്തിൻെറ ഇടതുവശത്തായി കാണുന്ന നമ്പറാണ് നിങ്ങളുടെ രജി. നമ്പർ. ഉത്തരത്തോടൊപ്പം ആ നമ്പർ കൂടി എഴുതണം.

നിസാരമായ ഒരു തെററു വരുത്തിയാണ് അനേകം പേർ വിജയികളുടെ കൂട്ടത്തിൽനിന്നും പിന്തള്ളപ്പെട്ടത്. അല്പംകൂടി ശ്രദ്ധിച്ചാൽ കൂടുതൽ ആളുകൾക്ക് വിജയികളാകാം. പാഠം 55–ൻെറ ഉത്തരം അടുത്തമാസം 15–ാംനു മുമ്പായി ബൈബിൾ പഠനം, പാഠം 55, C/o. Dn. M. C. Cherian, Orthodox Students Centre, Trivandrum–695 001 എന്ന വിലാസത്തിൽ അയക്കുക.

### പ്രത്യേകം ശ്രദ്ധിക്കുക

ഇത്തവണ ചിലരുടെ ഉത്തരങ്ങൾ 50 പൈസയുടെ കവറിൽ അയച്ചത് ഒരു രൂപ കൂലികൊടുത്തി ഇവിടെ വന്നു. അവ തിരിച്ചയക്കുകയായിരുന്നു. ഉത്തരം കവറിൽ അയക്കുകയാണെങ്കിൽ 70 പൈസയുടെ കവറിലായിരിക്കണം അയക്കുന്നത്. ഇൻലൻറിലാണെങ്കിൽ 35 പൈസയെ ആവുകയുള്ളു.

അതുകൊണ്ട് ഉത്തരങ്ങൾ ഇൻലൻഡിൽ അയക്കുന്നതാണ് കൂടുതൽ സൗകര്യം.

### പാഠം 55 1· തിമൊഥിയോസ്

1. 'ക്രിസ്തുയേശു' എന്ന വാക്ക് എത്ര പ്രാവശ്യം?
2. എത്ര കാര്യങ്ങളാൽ ഉളവാകുന്ന സ്നേഹത്തെ പററി പറയുന്നു?
3. ന്യായപ്രമാണം എത്ര വകക്കാർക്കാണ് വച്ചിരിക്കുന്നത്?
4. എത്രപേരെ സാത്താനെ ഏല്പിച്ചിരിക്കുന്നു?
5. നല്ല യുദ്ധസേവ ചെയ്യുവാൻ എത്രകാര്യങ്ങൾ ഉണ്ടായിരിക്കണം?
6. അദ്ധ്യക്ഷനു എത്ര യോഗ്യത ഉണ്ടായിരിക്കണം? (ആയിരിക്കണം എന്നു പറയുന്നതു മാത്രം)
7. എത്ര കൂട്ടരെ അദ്ധ്യക്ഷൻ ആക്കരുത്? (അരുത് എന്നു പറയുന്നത്)
8. ഞാൻ വരുവോളം എത്ര കാര്യങ്ങളിൽ ശ്രദ്ധിക്കണം?
9. ദൈവത്തിൻെറ മനുഷ്യൻ എത്ര കാര്യങ്ങൾ പിന്തുടരണം?
10. തിരഞ്ഞെടുക്കപ്പെടേണ്ട വിധവയ്ക്ക് എത്ര വയസിനുമേൽ പ്രായം ഉണ്ടായിരിക്കണം?
11. ചോദ്യം 10 നെ ചോദ്യം 9 കൊണ്ട് ഹരിക്കുക. അതിനെ ചോദ്യം 8 കൊണ്ട് ഗുണിക്കുക. അതിൽനിന്നും ചോദ്യം 7 കുറക്കുക. അതിനോട് ചോദ്യം 6 കൂട്ടുക. അതിനെ ചോദ്യം 5 കൊണ്ട് ഗുണിക്കുക. വീണ്ടും ചോദ്യം 3 കൂട്ടുക. അതിനെ ചോദ്യം 4 കൊണ്ട് ഹരിക്കുക. അതിൽനിന്നും ചോദ്യം 2 കുറയ്ക്കുക. അതിനോട് ചോദ്യം 1 കൂട്ടുക. നിങ്ങളുടെ ഉത്തരം എത്ര?

—○—

---

### നീലമ്പൂർ ഓർത്തഡോക്സ് കൺവൻഷൻ

മലബാറിൽ നിലമ്പൂർ പ്രദേശത്തുള്ള ഓർത്തഡോക്സ് പള്ളി ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള കൺവൻഷൻ ഈ വർഷം ജനുവരി 18 മുതൽ 25 വരെ ചുങ്കത്തറ പള്ളി അങ്കണത്തിൽ നടത്തി. കൺവൻഷൻ യോഗങ്ങൾക്ക് ഇടവക മെത്രാപ്പോലീത്താ തോമസ് മാർ തീമോത്തിയോസ് തിരുമേനി നേതൃത്വം നൽകി. മാത്യൂസ് മാർ എപ്പിപ്പാനിയോസ് തിരുമേനി, മാത്യു ശങ്കരത്തിൽ, ഫാ. വി. ഏ. മാത്യു, ഫാ. വർഗീസ് ജോൺ, ഫാ. ഓ. തോമസ്, പ്രൊ. ററി. ററി. കുറിയാക്കോസ് എന്നിവർ കൺവൻഷൻ യോഗങ്ങളിൻ പ്രസംഗിച്ചു. 24–ാം തീയതി മർത്തമറിയം സമാജവാർഷികവും സമാപന ദിവസമായ 25–ാം തീയതി അഭിവന്ദ്യ തിരുമേനിമാരുടെ നേതൃത്വത്തിൽ വി. അഞ്ചിൻമേൽ കുർബാന നടന്നു. തുടർന്ന് സണ്ടേസ്കൂൾ റാലിയും ഉണ്ടായിരുന്നു.


### ബാലികാസമാജവാർഷികം

പുനലൂർ: തിരുവനന്തപുരം ഭദ്രാസന ബാലികാസമാജവാർഷികം പുനലൂർ വാളക്കോട് സെ. ജോർജ് പള്ളിയിൽവച്ച് ഇടവക മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ദീയസ്ക്കോറോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. രാവിലെ അഭിവന്ദ്യ തിരുമേനി വി. കുർബാന അർപ്പിച്ചു. തുടർന്ന് എം. ജി. മാത്യു പണിക്കർ, ഡോ. ഏബ്രഹാം പയ്യമ്പള്ളിൽ, ഡി. ജേക്കബ് എന്നിവർ ക്ലാസുകൾ എടുത്തു. സമാപന സമ്മേളനത്തിൽ അഭിവന്ദ്യ തിരുമേനി അദ്ധ്യക്ഷം വഹിച്ചു. ഫാ. ജെ. വർഗീസ്, ഡീക്കൻ കെ. കെ. തോമസ്, ഓ. തങ്കമ്മ, എസ്. അന്നമ്മ എന്നിവർ പ്രസംഗിച്ചു. മഹിളാമ്മ സ്വാഗതവും സി. മേരിക്കുട്ടി കൃതജ്ഞതയും പറഞ്ഞു. മുന്നൂറോളം വിദ്യാർത്ഥിനികൾ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു.


### ഏകദിനസമ്മേളനം

ചെങ്ങന്നൂർ ഭദ്രാസന ബാലസമാജാംഗങ്ങളുടെ ഏകദിനസമ്മേളനം ജനുവരി 18–ാം തീയതി മംഗലം സെ. ജോർജ് പള്ളിയിൽവച്ച് നടന്നു. രാവിലെ തോമസ് മാർ അത്താനാസ്യോസ് തിരുമേനി വി. കുർബാന അർപ്പിച്ചു. പത്തരയ്ക്കു ചേർന്ന പ്രതിനിധി സമ്മേളനത്തിൽ ഫാ. മാത്യു വർഗീസ്, ഫാ. പി. ജി. മാത്യു എന്നിവർ പ്രസംഗിച്ചു. ഡീ. തോമസ് കോശി ക്ലാസെടുത്തു. തുടർന്ന് നടന്ന ക്വിസ് മൽസരത്തിന് ഡീ. തോമസ് മാത്യു നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് അത്താനാസ്യോസ് തിരുമനസിലെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ ഫാ. ററി. ജി. ജോൺ, ഫാ. ഡാനിയൽ പുല്ലേലിൽ എന്നിവർ പ്രസംഗിച്ചു.

—○—



1986 നവംബർ 1–ാം തീയതി കൂദാശചെയ്ത ന്യൂയോർക്കിലെ ബ്രോങ്ക്സ് സെൻറ്മേരീസ് ഓർത്തഡോക്സ് പള്ളിയിലെ വി. മദ്ബഹാ.



ബ്രോങ്ക്സ്പള്ളിയുടെ കൂദാശയെ തുടർന്ന് വികാരി ഫാ. ഏ. കെ. ചെറിയാൻ നിയുക്തകാതോലിക്കാ മാർ ക്ലീമിസ്, ഭദ്രാസന മെത്രാപ്പോലീത്താ മാർ മക്കാറിയോസ് എന്നീ തിരുമേനിമാർക്ക് കൃതജ്ഞത നേർന്നു സംസാരിക്കുന്നു.

Licence No. 475
11th APRIL 1946
Registered No. KL—KTM—38

# THE MALANKARA SABHA

Catholicate Office, Kottayam—686038

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



**JOSEPH CHACKO,**
**Abu–Dhabai.**

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Very Rev. Ramban Dr. N. J. Thomas